39. ശ്രീ എ. വി. താമരാക്ഷൻ
40. ,, സി. കെ. തങ്കപ്പൻ
41. ,, വി. ജെ. തങ്കപ്പൻ
42. ,, എസ്. ആർ. തങ്കരാജ്
43. ,, പി. സി. തോമസ് (കടുത്തുരുത്തി)
44. ,, ജി. വരദൻ
45. ,, സി. വാസുദേവമേനോൻ
46. ,, പി. വിജയദാസ്

നിഷ്പക്ഷർ—ഇല്ല.

പ്രമേയം പിൻവലിക്കുന്നതിനെ അനുകൂലിക്കുന്നവർ—59

പ്രതികൂലിക്കുന്നവർ—46

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

(പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചതായി പ്രഖ്യാപിച്ചു.)

(ii) കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ സമിതികളിലേക്കുള്ള തെരഞ്ഞെടുപ്പ്

ശ്രീ. സി. ടി. കൃഷ്ണൻ: സർ, ''കേരളത്തിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ സമിതികളിലേക്കുള്ള തെരഞ്ഞെടുപ്പ് രണ്ടു മാസത്തിനകം നടത്തി ഭരണം തിരഞ്ഞെടുക്കപ്പെടുന്ന പുതിയ സമിതികളെ ഏൽപ്പിക്കണമെന്നും ഈ സഭ ഗവൺമെൻറിനോട് ആവശ്യപ്പെടുന്നു'' എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കേരളത്തിലെ പഞ്ചായത്തുകളും, മുനിസിപ്പാലിറ്റികളും, കോർപ്പറേഷനുകളും എന്നിവയുടെ കാലാവധി കഴിഞ്ഞിട്ട് 2 വർഷം തികയാൻ പോകുന്നു. 1001 പഞ്ചായത്തുകളും 43 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളും ഒരു ടൗൺഷിപ്പും സംസ്ഥാനത്തുണ്ടെന്ന് പഞ്ചായത്തു വകുപ്പു മന്ത്രി ഇവിടെ പറഞ്ഞു. 1984 സെപ്തംബർ 30-ന് ആണ് നിലവിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാലാവധി കഴിഞ്ഞത്. തിരഞ്ഞെടുപ്പ് നടത്താൻ ഗവൺമെൻറ് ഇതേവരെ കൂട്ടാക്കിയിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി ഇതിനു മുമ്പും ഇന്നലെയും ഇവിടെ മറുപടി പറയുന്ന അവസരത്തിലൊക്കെ പറഞ്ഞത്, തിരഞ്ഞെടുപ്പിനുള്ള എല്ലാ പ്രവർത്തനവും പൂർത്തിയാക്കിയെന്നാണ്. വാർഡ് വിഭജനം കഴിഞ്ഞു. വോട്ടർ പട്ടിക പുതുക്കി പ്രസിദ്ധീകരിച്ചു. ഉദ്യോഗസ്ഥൻമാരെ നിയമിച്ചു. പിന്നെ എന്തു കാരണംകൊണ്ടാണ് തിരഞ്ഞെടുപ്പു നടത്താത്തത് എന്നു മാത്രം പറഞ്ഞില്ല. പ്രത്യേകിച്ച് ഇപ്പോൾ പ്രതിപക്ഷമായ യു.ഡി.എഫിന് തിളക്കം വർദ്ധിക്കുകയും മുഖ്യഭരണകക്ഷിയായ എൽ.ഡി.എഫിന് മിനുസവും വർദ്ധിച്ചിരിക്കുന്ന ഈ പരിതഃസ്ഥിതിയിൽ തിരഞ്ഞെടുപ്പു നടത്തുന്നതിന് എന്താണ് തടസമെന്ന് പറയുന്നില്ല. പാവം നമ്മുടെ പഞ്ചായത്തു മന്ത്രിയോട് പറഞ്ഞിട്ട് കാര്യമില്ല. അദ്ദേഹം നിരപരാധിയാണ്. പഞ്ചായത്തു മന്ത്രിയുടെ മുനിസിപ്പാലിറ്റി വകുപ്പ് പോയിരിക്കുകയാണ്. ഇനി ഉള്ളതു പറഞ്ഞാൽ നമ്മുടെ നാട്ടിൽ പറയുന്നതുപോലെ കണ്ടതു പറഞ്ഞാൽ ''ഉള്ളതും പോയട നൊള്ളക്കണ്ണാ'',

LIBRARY ARCHIVES Kerala Legislative Assembly

എന്നു പറയുന്നതുപോലെ ഉള്ള വകുപ്പുംകൂടി എടുത്തിട്ട് അദ്ദേഹത്തെ വകുപ്പില്ലാ മന്ത്രിയാക്കും. അതുകൊണ്ട് പഞ്ചായത്തു വകുപ്പുമന്ത്രിക്ക് ഇതിനെപ്പറ്റി ഒന്നും പറയാനില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക്, എന്തെങ്കിലും പറയാനുണ്ടെങ്കിൽ പറയണം.

സർ, പഞ്ചായത്തു ഡയറക്ടർ പല പ്രാവശ്യം തിരഞ്ഞെടുപ്പു നടത്തണമെന്നുള്ള വിവരം സർക്കാരിനെ അറിയിച്ചിട്ടുള്ളതാണ്. 1984-ൽ തന്നെ 1985 മേയ് 27-നും 30-നും ഇടയ്ക്ക് പഞ്ചായത്തു തെരഞ്ഞെടുപ്പു നടത്തുവാൻ ഡയറക്ടർ നിർദ്ദേശിച്ചിരുന്നു. തെരഞ്ഞെടുപ്പു പ്രക്രിയയുടെ വിശദമായ പരിപാടിയും അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. ഈ പരിപാടി അനുസരിച്ച് 16-4-1985-ന് തെരഞ്ഞെടുപ്പു വിജ്ഞാപനം പുറപ്പെടുവിക്കാനും 15-6-1985-ന് പഞ്ചായത്തു സമിതികൾ നിലവിൽ വരുവാനുമാണ് നിർദ്ദേശിക്കപ്പെട്ടിരുന്നത്. ഈ നിർദ്ദേശം 14-11-1985-ന് സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ആ കാര്യം ആകാശവാണിയിലൂടെ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരുന്നതാണ്. ഈ ഉത്തരവ് പിന്നീട് സർക്കാർ പിൻവലിച്ചു. ഇതിന് എന്താണ് കാരണമെന്ന് ഇതേവരെ പറഞ്ഞിട്ടില്ല. നേരത്തെ അയച്ച നിർദ്ദേശം അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 16-1-1985-ന് ഡയറക്ടർ തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രിക്ക് വീണ്ടും കുറിപ്പു നൽകിയിരുന്നു. തെരഞ്ഞെടുപ്പിന്റെ എല്ലാ ഒരുക്കങ്ങളും പൂർത്തിയാക്കിയതായി പഞ്ചായത്തു ഡയറക്ടർ വീണ്ടും സർക്കാരിനെ അറിയിച്ചു. തെരഞ്ഞെടുപ്പു തീയതി നിശ്ചയിക്കേണ്ടതു സർക്കാരാണെന്നും അതിൽ പറഞ്ഞിട്ടുണ്ട്. ഡയറക്ടർ ഫയൽ നമ്പർ ഇ. എൽ. 43177/84/15553/86. പഞ്ചായത്ത് തെരഞ്ഞെടുപ്പു നടത്തുന്നതിന് അനുവദിച്ച പ്രത്യേക വ്യവസ്ഥിതികളിൽ ഉദ്യോഗസ്ഥൻമാരെയും നിയമിച്ചു. ഇങ്ങനെ എല്ലാ പ്രവർത്തനങ്ങളും പൂർത്തിയാക്കിയിട്ടും തിരഞ്ഞെടുപ്പ് നടത്താതിരിക്കുന്ന കാരണം ഇനിയും വ്യക്തമാക്കിയിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ഉടൻ തിരഞ്ഞെടുപ്പ് നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പലരും കോടതിയിൽ പോയിരിക്കുകയാണ്. കോട്ടയത്തെ ഒരു പൗരസമിതി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഒരു പഞ്ചായത്തു പ്രസിഡൻറ് കോടതിയിൽ കേസ്സു കൊടുത്തിരിക്കുന്നു. ഈ സർക്കാരിന് ജനാധിപത്യത്തിൽ വിശ്വാസമില്ല. ജനപങ്കാളിത്തത്തിൽ വിശ്വാസമില്ല. അധികാരവികേന്ദ്രീകരണത്തിൽ താൽപ്പര്യമില്ല. വികസന പ്രവർത്തനങ്ങളിൽ ജനങ്ങളെ പങ്കെടുപ്പിക്കാൻ ഈ ഗവൺമെൻറിന് ഒട്ടും താൽപ്പര്യമില്ല. അല്ലെങ്കിൽ ഈ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പു നടത്താൻ ഒട്ടും മടി കാണിക്കേണ്ട ആവശ്യമില്ല.

ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്ഥിതി മാത്രമല്ല. ബി. ഡി. സി. കളെ പിരിച്ചുവിട്ടിട്ട് കാലമെത്രയായി. ജനപങ്കാളിത്തത്തിൽ വിശ്വാസമുണ്ടെങ്കിൽ അത് പുനഃസംഘടിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കണ്ടേ? ആ ബി. ഡി. സി. കളിൽ എല്ലാംതന്നെ ഭരണ കക്ഷിക്കാർ അഴിമതിയും താന്തോന്നിത്തവും നടത്തുകയാണ്. അതുപോലെതന്നെ ഡി. ഡി. സി. കളുടെ കാര്യവും. അതും പുനഃസംഘടിപ്പിക്കുന്നില്ല. ഡി. ഡി. സി. കളിൽ എല്ലാം തന്നെ ഭരണകക്ഷിക്കാരുടെ പ്രതിനിധികളെ മാത്രമേയുള്ളു. പ്രതിപക്ഷത്തുള്ള ആരും ഡി. ഡി. സി. കളിൽ ഇല്ല. അവരെ അവഗണിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ മൽസ്യത്തൊഴിലാളികളുടെ ഗ്രാമ സംഘങ്ങളിലേക്കും തിരഞ്ഞെടുപ്പു നടത്തുന്നില്ല. എല്ലാം നോമിനേറ്റഡ് ബോഡികളാണ്. അതിന്റെ അർത്ഥം ഈ ഗവൺമെന്റിനു ജനപങ്കാളിത്തത്തിൽ വിശ്വാസമില്ലെന്നാണ്; ജനങ്ങളിൽ വിശ്വാസമില്ലെന്നാണ്. അഭിപ്രായം പറയുന്ന ആളുകളെ ഇത്തരം ബോഡികളിൽ ഉണ്ടാകാൻ പാടില്ലായെന്നുള്ള തുകൊണ്ടാണോ ഇത്? സർ, ഇത്തരം സ്ഥാപനങ്ങളിലെല്ലാം ഭരണ കക്ഷിക്കാരുടെ അഴിഞ്ഞാട്ടമാണ് നടക്കുന്നത്., അതുകൊണ്ടാണ് പഞ്ചായത്തുകളിലേക്കും തെരഞ്ഞെടുപ്പ് നടത്താത്തത്. ബ്ലോക്കു മുഖേന നടപ്പിലാക്കുന്ന ആർ. എൽ. ഇ. ജി. പി., എൻ. ആർ. ഇ. പി., ഐ. ആർ. ഡി. പി. തുടങ്ങിയ പദ്ധതികളെല്ലാം പഞ്ചായത്തുകളിലുണ്ടെങ്കിൽ വളരെ സുഗമമായി നടത്താൻ കഴിയും. റോഡുകളെ സംബന്ധിച്ചായാലും വീടുകളെ സംബന്ധിച്ചായാലും, കടം കൊടുക്കുന്ന പദ്ധതികളെ സംബന്ധിച്ചായാലും എല്ലാത്തിനുംതന്നെ പഞ്ചായത്തുകളെയാണ് സാധാരണ ജനങ്ങളും സമീപിക്കുന്നത്. പാവപ്പെട്ട ജനങ്ങൾക്ക് എളുപ്പം കേറി ചെല്ലാവുന്നതും, നാടുമായും, താമസ സ്ഥലവുമായും ബന്ധമുള്ളതുമായ ഒരു ആഫീസാണ് പഞ്ചായത്ത്. ആ പഞ്ചായത്തുകളിൽ ഇന്ന് ജനപ്രതിനിധികളുടെ ഭരണം ഇല്ലാത്തതുകൊണ്ട് കരാറുകാരും ഭരണകക്ഷിക്കാരും തമ്മിലുള്ള ഒരു ഒത്തുകളിയാണ് ഈ വികസന പ്രവർത്തനങ്ങളിൽ എല്ലാം നടക്കുന്നത്. ഇതിലെല്ലാം കൈയിട്ടുവാരി അഴിമതി നടത്തുകയാണ്. കാരണം തെരഞ്ഞെടുക്കപ്പെട്ട ബോഡികളും അവിടെയില്ല. ഉദ്യോഗസ്ഥൻമാരെ സ്വാധീനിച്ചാൽ എന്തും നടപ്പിലാക്കാൻ കഴിയുമെന്ന ഒരു ദുരവസ്ഥയാണ് ഈ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളമുള്ളത്.

സർ, ഒരു താലൂക്കിനുവേണ്ടി ഒരു പഞ്ചായത്താഫീസർ എന്നുള്ള നിലയിൽ ഒരു സ്പെഷ്യൽ ഓഫീസറെയാണ് നിയമിച്ചിരിക്കുന്നത്. എന്നാൽ 30 പഞ്ചായത്തുകളുള്ള താലൂക്കുകളും വരെയുണ്ട്. ശ്രീ. പി. സി. ജോർജ് ഉൾപ്പെടെയുള്ള പലരും അഭിപ്രായം പറഞ്ഞതാണ്. അവരുടെ അഭിപ്രായത്തോടു ഞാൻ യോജിക്കുകയാണ്. ശ്രീ. പി. പി. തങ്കച്ചൻ പറഞ്ഞു മുൻ പഞ്ചായത്തു പ്രസിഡന്റുമാരേയും മുൻ മെമ്പർമാരേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള നോമിനേറ്റഡ് ബോഡികളും ഉണ്ടാകണമെന്ന്. എന്നാൽ ശ്രീ. പി. സി. ജോർജ് പറഞ്ഞത് വഴിനടക്കാൻ നിവൃത്തിയില്ല, കുണ്ടും കുഴിയുമാണ്, റോഡ് നേരെയാക്കാൻ പഞ്ചായത്തു ഉദ്യോഗസ്ഥൻമാരില്ല എന്നാണ്. അങ്ങനെ ഭരണകക്ഷി പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരും യോജിക്കുന്നു ഇന്ന് പഞ്ചായത്തുകളിൽ അഴിമതി നടക്കുന്നുവെന്ന്. ഒരു പ്രവർത്തനവും പഞ്ചായത്തുകളിൽ നടക്കുന്നില്ല. ഉദ്യോഗസ്ഥൻമാരുടെ താന്തോന്നിത്തമാണ് നടക്കുന്നത്. അതുകൊണ്ട് തെരഞ്ഞെടുപ്പ് അടിയന്തിരമായി നടത്തണമെന്ന് അവരും പറഞ്ഞതാണ്.

ശ്രീ. പി. സി. ജോർജ്: സർ, അങ്ങയുടെ പ്രമേയത്തിൽ 'രണ്ടു മാസം' എന്നാണ് പറഞ്ഞിരിക്കുന്നത്. ആരു നോക്കിയാലും രണ്ടു മാസംകൊണ്ട് നടക്കില്ല എന്നറിയാം. പ്രമേയത്തോട് യോജിക്കാൻ തയ്യാറാണ്. ഇതിലൊരു ചെറിയ മാറ്റം വരുത്തി രണ്ടു മാസം എന്നുള്ളതുമാറ്റി 'എത്രയും വേഗം' എന്നാക്കി മാറ്റാമോ?

ശ്രീ. സി. ടി. കൃഷ്ണൻ: ശ്രീ. പി. സി. ജോർജിന്റെ അഭിപ്രായം പരിഗണിച്ച് രണ്ടുമാസത്തിനു പകരം മൂന്നുമാസമാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ്: ഒരു സംശയം ചോദിച്ചോട്ടെ. 1986 ജനുവരി മാസത്തിൽ 18 വയസ്സു തികഞ്ഞ എല്ലാവർക്കും വോട്ടവകാശം കൊടുക്കാതിരിക്കുവാൻ പറ്റുമോ? അപ്പോൾ സെൻസസ് എടുക്കണ്ടേ? അത് എങ്ങനെ മൂന്നുമാസംകൊണ്ട് നടക്കും?

ശ്രീ. സി. ടി. കൃഷ്ണൻ: ബഹുമാനപ്പെട്ട മന്ത്രി നേരത്തെ പറഞ്ഞത് എല്ലാ ഒരുക്കങ്ങളും പൂർത്തിയായി എന്നാണ്. ഇനി മന്ത്രി പറയുകയാണെങ്കിൽ അഞ്ചു മാസമെന്നാക്കാനും വിരോധമില്ല. 18 വയസ്സ് ആയവർക്ക് നിശ്ചിത ഫോറം പൂരിപ്പിച്ച് കൊടുത്തിട്ട് പേരുകൂടി ചേർത്താൽ മതി. 50 പൈസ സ്റ്റാമ്പൊട്ടിച്ച് രണ്ടാഴ്ചകൊണ്ട് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചാൽ പുതിയ പേരുകൂടി ചേർക്കാൻ സാധിക്കും. ഇലക്ഷൻ റൂൾസിൽ ഇതിനുള്ള വകുപ്പ് ഇന്നുണ്ട്. അതിന് പ്രയാസമില്ല. മന്ത്രി ഭേഗതി അവതരിപ്പിക്കുകയാണെങ്കിൽ അഞ്ചു മാസം എന്നാക്കുന്നതുകൊണ്ട് വിരോധമില്ല. അതുകൊണ്ട് തെരഞ്ഞെടുപ്പു നടത്തണം. ഞാൻ എന്റെ ഭേഗതി രണ്ടു മാസമെന്നാണ് പറയുന്നത്. തെരഞ്ഞെടുപ്പ് നടന്നുകാണണമെന്ന ആഗ്രഹംകൊണ്ട് പറയുകയാണ്. പക്ഷെ അവരുടെ വാക്കുകൾ വിശ്വസിക്കുവാൻ പറ്റുകയില്ല. ഭരണകക്ഷിക്കാർ സത്യസന്ധതയില്ലാത്തവരാണ്. 1979ലാണ് അവസാനമായി പഞ്ചായത്തുകളിലേക്ക് തിരഞ്ഞെടുപ്പു നടന്നത്. അതിനുമുമ്പ് 1964-ൽ നടന്നു. കാലാവധി നീട്ടിനീട്ടി 15 കൊല്ലം നീട്ടിക്കൊടുത്തു. 1984-ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാലാവധി നീട്ടിക്കൊടുത്തില്ല. കാലാവധി കഴിയുന്നതിനു മുമ്പ് തെരഞ്ഞെടുപ്പു നടത്തുകയോ അതല്ലെങ്കിൽ കാലാവധി നീട്ടിക്കൊടുക്കുകയോ ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്തു പ്രസിഡൻറുമാർ കോടതിയിൽ പോയപ്പോൾ ഹൈക്കോടതിപോലും പറഞ്ഞു. കാലാവധി നീട്ടിക്കൊടുക്കാൻ ഇവിടെ ഒരു വിവരവും കിട്ടിയില്ലെന്നു മന്ത്രി പറയുന്നത് കള്ളമാണ്. കഴിഞ്ഞ ദിവസം നിയമസഭയിൽ മന്ത്രി കള്ളം പറയുകയാണ് ചെയ്തത്. എന്നിട്ട് ഭേദം പ്രകടിപ്പിച്ചു. കാലാവധി നീട്ടിക്കൊടുക്കുവാൻ എന്താണ് തടസ്സം? കാലാവധി നീട്ടിക്കൊടുത്താലും നിലവിലുള്ള ജനപ്രതിനിധികളും, പഞ്ചായത്ത് പ്രസിഡൻറുമാർ, മെമ്പർമാർ തുടങ്ങിയവർ ഭരണകക്ഷിക്ക് അനുകൂലമായിരിക്കുകയില്ല. കോടതി നിയമം മറികടക്കാൻ ഈ സർക്കാർ പഞ്ചായത്ത് ആക്ടിൽ ഭേഗതി വരുത്തി. ഇത് വളരെ ഗൗരവമുള്ള ഒരു കാര്യമാണ്. കോടതിക്ക് പറയാൻ അവകാശമില്ലാത്ത വിധത്തിൽ പഞ്ചായത്ത് ആക്ടിൽ ഭേഗതി വരുത്തി. ഇപ്പോൾ പഞ്ചായത്ത് ബോർഡ് അഴിമതി നടത്തിയാൽ അത് പിരിച്ചുവിടാനുള്ള അധികാരം പോലും ഗവൺമെൻറിനില്ല. കാരണം ആ ഭേഗതി വരുത്തിയതുകൊണ്ട്, അഴിമതി നടത്തിയാൽ ഗവൺമെൻറിന് ഇടപെടാൻ യാതൊരധികാരവുമില്ലാത്ത സ്ഥിതിയാണ്. എലിയെ കൊല്ലാൻ ഇല്ലം ചുടുന്നതുപോലെയുള്ള നടപടിയാണ് ഈ ഗവൺമെൻറ് പഞ്ചായത്തു തിരഞ്ഞെടുപ്പിന്റെ കാര്യത്തിൽ കാണിച്ചിട്ടുള്ളത്. "നിയമം നിശ്ശബ്ദമാകുന്ന സ്ഥലത്ത് കീഴ്വഴക്കം നിലനിൽക്കുന്നു" എന്നാണ് പറയുന്നത്. 15 കൊല്ലം ഇവിടെ ശ്രീ. അവുക്കാദർകുട്ടിനഹയും മാറിമാറി വന്ന ഭരണാധികാരികളും തെരഞ്ഞെടുക്കപ്പെട്ട ബോർഡുകളുടെ കാലാവധി നീട്ടിക്കൊടുത്ത കീഴ്വഴക്കമാണുള്ളത്. കാലാവധി നീട്ടിക്കൊടുത്താൽ എന്താണ് കുഴപ്പം? ഈ സർക്കാർ എന്തുകൊണ്ട് ആ നടപടി കൈക്കൊണ്ടില്ല? നമ്മുടെ അയൽ സംസ്ഥാനമായ

LIBRARY ARCHIVES Kerala Legislative Assembly

തമിഴ്നാട്ടിൽ സിനിമാനടനായ ശ്രീ. എം. ജി. രാമചന്ദ്രൻ ആണ് ഭരിക്കുന്നത്. അദ്ദേഹത്തിന്റെ ജനാധിപത്യ ബോധമെങ്കിലും ശ്രീമാൻ കരുണാകരന്റെ ഗവൺമെന്റ് കാണിക്കണ്ടേ? അവിടെ പഞ്ചായത്തുകളിലേക്ക് തെരഞ്ഞെടുപ്പ് നടന്നു. അവിടെ കോൺഗ്രസ് പൊളിഞ്ഞു പാളീസായി. പശ്ചിമബംഗാളിനെപ്പറ്റി ഇവിടെ ഗീർവാണ പ്രസംഗം നടത്താറുണ്ട്. എന്തെടുത്താലും ഭരണ കക്ഷിക്കാർക്കു പശ്ചിമ ബംഗാളിനെപ്പറ്റിയേ പറയുവാനുള്ളു. അവിടെ പഞ്ചായത്തുകളിലേക്ക് തെരഞ്ഞെടുപ്പു നടന്നു. ഇപ്പോഴും മുനിസിപ്പാലിറ്റികളിലേക്കും തെരഞ്ഞെടുപ്പ് നടന്നു.

ശ്രീ. ബെന്നി ബഹനാൻ: തമിഴ്നാട്ടിൽ കാലാവധി കഴിഞ്ഞ് എത്ര വർഷം കഴിഞ്ഞിട്ടാണ് തെരഞ്ഞെടുപ്പ് നടത്തിയതെന്നു കൂടി പറയാമോ?

ശ്രീ. സി. ടി. കൃഷ്ണൻ: അത് വൈകിവന്ന ബുദ്ധിയല്ലായെന്ന് പറയാൻ പറ്റുകയില്ല. അൽപ്പം വൈകിയിട്ടാണെങ്കിലും അവർ ജനങ്ങൾക്ക് പങ്കാളിത്തം കൊടുത്തല്ലോ? തെരഞ്ഞെടുപ്പ് നടത്തിയല്ലോ? പശ്ചിമ ബംഗാളിൽ പഞ്ചായത്തുകളിലേക്കും നഗരസഭകളിലേക്കും തെരഞ്ഞെടുപ്പു നടന്നപ്പോൾ കോൺഗ്രസ്സുകാർക്ക് അഡ്രസ് ഇല്ലാതെയായി. ബഹുഭൂരിപക്ഷം സീറ്റുകളും ഇടതുപക്ഷ മുന്നണി നേടി. കോൺഗ്രസ് തോറ്റു പൊളിഞ്ഞു പാളീസായി.

ശ്രീ. ബെന്നി ബഹനാൻ: വൈകി വന്ന ബുദ്ധി അംഗീകരിക്കണമെന്നു പറഞ്ഞു. തമിഴ്നാട്ടിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടന്നപ്പോൾ അവിടെ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി ഇൻഡ്യൻ യൂണിയൻ മുസ്ലിം ലീഗുമായി കൂട്ടുകൂടി. ആ വൈകിവന്ന ബുദ്ധി അംഗീകരിക്കുവാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. സി. ടി. കൃഷ്ണൻ: ശ്രീ. ബെന്നി ബഹനാൻ പറയുന്നത് ശുദ്ധ അബദ്ധമാണെന്നേ എനിക്കു പറയുവാനുള്ളു. അങ്ങനെ ഒരു തീരുമാനമെടുത്തിട്ടില്ലെന്ന് ഞങ്ങൾ നൂറു പ്രാവശ്യം വിശദീകരിച്ച കാര്യമാണ്. അത് അനാവശ്യമാണ്. അങ്ങനെ ഒരു കൂട്ടുകെട്ട് ഉണ്ടായിട്ടില്ല. ലീഗുമായി പരസ്പരം മൽസരിക്കുകയാണ് ചെയ്തത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: തിരഞ്ഞെടുപ്പ് നടത്താതിരിക്കുന്നത്, 'എ' ക്കാരെ പേടിച്ചിട്ടാണെന്നറിയാമോ?

ശ്രീ. സി. ടി കൃഷ്ണൻ: 'എ' ആയാലും 'ഐ' ആയാലും ജനങ്ങൾക്ക് അതൊന്നും പ്രശ്നമല്ല. ജനങ്ങൾക്ക് പുതിയ ചില കാര്യങ്ങൾ നടക്കണം. ഒരു കിണർ കുഴിക്കണമെങ്കിൽ, റോഡ് ഉണ്ടാക്കണമെങ്കിൽ, സ്ട്രീറ്റ് ലൈറ്റിൽ ഒരു ബൾബിടണമെങ്കിൽ അവർ പഞ്ചായത്തിനെയാണ് സമീപിക്കുന്നത്. അതുകൊണ്ട് 'എ'യും 'ഐ'യും തമ്മിലുള്ള വഴക്ക് ആളുകളെ ബുദ്ധിമുട്ടിക്കുന്ന സ്ഥിതിയിലേക്കാണ് എത്തിക്കുന്നത്. ആളുകൾക്ക് ഇപ്പോൾ പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടത്തണം.

സർ, ഗ്രാമ സ്വരാജ് പ്രഖ്യാപിച്ച ഗാന്ധിജിയുടെ അരുമ ശിഷ്യനല്ലേ നമ്മുടെ മുഖ്യമന്ത്രി? ഈ മുഖ്യമന്ത്രി ഭരിക്കുമ്പോൾ ജനപ്രതിനിധികളെ തെരഞ്ഞെടുത്തയയ്ക്കാനുള്ള നടപടി എന്തുകൊണ്ടാണ് എടുക്കാത്തത്? ഇവിടെ ഒരു ജില്ലാ ഭരണസമിതി ബിൽ പാസ്സായിട്ട് എട്ടു കൊല്ലം കഴിഞ്ഞു. അധികാര വികേന്ദ്രീകരണം നടത്തി താഴേപ്പടിയിലേക്ക് ജനങ്ങളിലേക്ക് അധികാരം ഇറങ്ങണമെന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

അഭിപ്രായം എല്ലാവരും പറയാറുണ്ട്. എട്ടു കൊല്ലമായിട്ടും ഈ അധികാര വികേന്ദ്രീകരണത്തിനുവേണ്ടി പാസ്സാക്കിയ ജില്ലാ ഭരണ ബിൽ വെളിച്ചം കണ്ടിട്ടില്ല. അതിൽ താൽപ്പര്യവുമില്ല.

ശ്രീ. പി. സീതി ഹാജി: 21 മാസം നിങ്ങൾ അധികാരത്തിൽ ഇരുന്നപ്പോൾ എന്തേ പഞ്ചായത്തു തിരഞ്ഞെടുപ്പു നടത്താതിരുന്നത്.

ശ്രീ. സി. ടി. കൃഷ്ണൻ: അതുകഴിഞ്ഞ് നിങ്ങൾ വന്നിട്ട് 48 മാസം കഴിഞ്ഞില്ലേ —എന്തുകൊണ്ട് തിരഞ്ഞെടുപ്പു നടത്തുന്നില്ല.

സർ, ബഡ്ജറ്റ് പ്രസംഗത്തിൽ മുഖ്യമന്ത്രി വളരെ ധീരമായി പ്രഖ്യാപിച്ചു, പ്രതിപക്ഷം ഞങ്ങൾക്ക് ഒരു പ്രശ്നമേയല്ല, പ്രതിപക്ഷം ഞങ്ങൾക്ക് ഒരു ഭീഷണിയല്ലായെന്ന്. പിന്നെ എന്തുകൊണ്ട് പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തിക്കൂടാ? ജയിക്കുമെന്നുള്ള ഉറപ്പുണ്ടെങ്കിൽ എന്തുകൊണ്ട് തെരഞ്ഞെടുപ്പു നടത്തിക്കൂടാ? ജനങ്ങളോട് വിശ്വാസമില്ലാത്തതുകൊണ്ടാണ്. ജനാധിപത്യബോധം അൽപ്പമെങ്കിലും അവശേഷിക്കുന്നുണ്ടെങ്കിൽ ജനകീയ പങ്കാളിത്തം വികസന പ്രവർത്തനങ്ങളിൽ ആവശ്യമാണെന്ന് ആഗ്രഹമുണ്ടെങ്കിൽ, അധികാര വികേന്ദ്രീകരണത്തിൽ നിങ്ങൾക്ക് എന്തെങ്കിലും താൽപ്പര്യമുണ്ടെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് എത്രയും വേഗം നടത്തണം. ഇതിൽ ഭരണ കക്ഷിയിലുള്ളവർക്ക് അഭിപ്രായവ്യത്യാസമില്ല. അതുകൊണ്ട് ഈ പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുകയാണ്.

ശ്രീ. എൻ. ചന്ദ്രശേഖര കുറുപ്പ്: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു. ഇന്നലെയും ഇന്നുമായി ഈ തെരഞ്ഞെടുപ്പിനെ മുൻനിർത്തി ചില പരാമർശനങ്ങൾ ഉണ്ടായി. പണ്ട് തെരഞ്ഞെടുപ്പുകളൊക്കെ 15 വർഷം നീട്ടിയിട്ടുണ്ട്. അതുകൊണ്ട് ഇനിയും നീട്ടിക്കൊണ്ടുപോകാമെന്നുള്ളതാണ് ആ പരാമർശനത്തിലെ പ്രധാന കാര്യം. പണ്ട് മനുഷ്യർ വസ്ത്രം ധരിച്ചിരുന്നില്ല. പണ്ടത്തെ മാതിരി വസ്ത്രം ധരിക്കാതെ ഇപ്പോൾ നടക്കാൻ പറ്റുമോ? ഓരോ കാലഘട്ടത്തിൽ പരിഷ്ക്കാരങ്ങൾ വരുന്നതിനനുസരിച്ച് തെരഞ്ഞെടുപ്പ് വന്നു, ആ തെരഞ്ഞെടുപ്പിൽ മൽസരിക്കുക, ഇതൊക്കെ സ്വാഭാവികമായിട്ട് നടക്കുന്ന സംഗതികളാണ്. ഇവിടെ എന്തുകൊണ്ടാണ് നിങ്ങൾ തെരഞ്ഞെടുപ്പ് നടത്താതിരിക്കുന്നത്? കഴിഞ്ഞ മുനിസിപ്പൽ, പഞ്ചായത്ത്, കോർപ്പറേഷൻ തെരഞ്ഞെടുപ്പുകളിൽ ഇടതുപക്ഷ പ്രസ്ഥാനത്തിന് കൂടുതൽ അംഗസംഖ്യയും കൂടുതൽ പഞ്ചായത്തുകളും കൂടുതൽ കോർപ്പറേഷനും മുനിസിപ്പാലിറ്റികളും ഉണ്ടായതുകൊണ്ട് 'അങ്ങനെ അവരങ്ങു നേരെ പോകണ്ടാ' എന്നുള്ള വിചാരമുള്ളതുകൊണ്ട് നിങ്ങൾക്ക് അത് പിരിച്ചുവിടണം. ഇപ്പോൾ ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ കയ്യിൽ മൂന്നു കോർപ്പറേഷനുണ്ട്. ഭൂരിപക്ഷം മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും അവരുടെ കയ്യിൽ ആകുന്നത് കണ്ടുനിൽക്കാൻ വയ്യാത്തതിന്റെ ഫലമായിട്ടാണ് നിങ്ങൾ പിരിച്ചുവിട്ടത്. അതിന് യാതൊരു സംശയവുമില്ല. നിങ്ങളുടെ ഇഷ്ടത്തിനനുസരിച്ച്, നിങ്ങളുടെ താൽപ്പര്യത്തിനനുസരിച്ച് അഴിമതി നടത്താനുള്ള സൗകര്യം പഞ്ചായത്തുകളിലും കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും കിട്ടിയുമെന്നുള്ള ഉദ്ദേശ്യവും കൊണ്ടാണ് ഇങ്ങനെ നീട്ടിക്കൊണ്ടുപോകുന്നത്. അങ്ങനെ നിങ്ങൾ എല്ലാ കാലത്തും ചെയ്തിട്ടുണ്ട്.

* * *

* സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാനടപടികളിൽനിന്ന് നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

അവിടത്തെ വികസന അതോറിറ്റി പുനഃസംഘടിപ്പിച്ചിട്ടുണ്ട്. എല്ലാ വികസന അതോറിറ്റിയിലും പതിനെട്ട് ആളോളം ഉള്ളതിൽ 15 പേരും വിവിധ സ്വഭാവത്തിൽ കോൺഗ്രസ്സുകാരാണ്. മൂന്നുപേർ ലീഗുകാരാണ്.

കോഴിക്കോട് കോർപ്പറേഷനിൽ ഞങ്ങൾക്ക് സ്വാധീനശക്തിയില്ലായെന്ന് ആരും പറയരുത്. ഞങ്ങൾ കഴിഞ്ഞ പ്രാവശ്യം അഞ്ചാറാളുകളെ തെരഞ്ഞെടുത്തവരാണ്. അതിൽ ഒരൊറ്റയാളിനെപ്പോലും നോമിനേറ്റ് ചെയ്തിട്ടില്ല. കേരളത്തിലെ മുഴുവൻ സ്ഥലങ്ങളിലും നിങ്ങൾ നിങ്ങളുടേതായ കാര്യങ്ങളാണ് നിലനിർത്തുന്നതെന്നാണ് ഞങ്ങൾക്കു പറയുവാനുള്ളത്. നിങ്ങൾക്ക് ജനാധിപത്യമുണ്ടോ? ഇൻഡ്യയിൽ നിങ്ങൾ ഭരിക്കുന്ന സംസ്ഥാനങ്ങളിൽ മാത്രമേ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഒരാളാവധിക്കു തെരഞ്ഞെടുപ്പ് നടത്താതെയുള്ളൂ. കൽക്കട്ടാ കോർപ്പറേഷനിൽ 17 കൊല്ലമായി തെരഞ്ഞെടുപ്പ് നടത്തിയിരുന്നില്ല. അവിടെ ഇപ്പോൾ നിയമം ഭേദഗതി ചെയ്തു. കഴിഞ്ഞ പാർലമെൻറ് തെരഞ്ഞെടുപ്പിൽ ക്യാബിനറ്റ് സിസ്റ്റം എന്നൊരു സിസ്റ്റം ഇൻഡ്യയിലാദ്യമായി ഒരു ഭേദഗതിനിയമത്തിൽക്കൂടി നടപ്പിലാക്കുന്നത് കൽക്കട്ട കോർപ്പറേഷനിലാണ്. ക്യാബിനറ്റ് സിസ്റ്റത്തിലാണ് അവിടത്തെ മുനിസിപ്പാലിറ്റി ഭരണം. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കൽക്കട്ടാ കോർപ്പറേഷനിലെ മുഴുവൻ സീറ്റും നിങ്ങൾക്ക് കിട്ടിയതുകൊണ്ട് നിങ്ങൾ ആ പ്രമേയത്തിൽ മൂന്നുകൊല്ലത്തിനു ശേഷം ഒപ്പുവച്ചു. രണ്ടു നിയമമാണ് ബംഗാൾ ഗവൺമെൻറ് പാസാക്കിയത്. കാർഷിക ബന്ധ ബില്ലിൽ ഒപ്പുവെച്ചില്ല. കൽക്കട്ടാ കോർപ്പറേഷനിൽ പുതിയ ക്യാബിനറ്റ് സിസ്റ്റം പ്രകാരം നിങ്ങൾ വീണ്ടും അധികാരത്തിൽവന്നു. ഗവൺമെൻറിനെതിരായിട്ട് ഒരു അർദ്ധ ഗവൺമെൻറായി പ്രവർത്തിക്കാൻ കഴിയുമെന്നുള്ള ധാരണയിലാണ് നിങ്ങൾ അതിൽ ഒപ്പുവെച്ചത്. പക്ഷെ ആ തെരഞ്ഞെടുപ്പിലും മൂന്നുനാലു സീറ്റിൽ നിങ്ങൾ തോറ്റു. പിന്നീടുനടന്ന പഞ്ചായത്തുതെരഞ്ഞെടുപ്പിലും, മുനിസിപ്പാലിറ്റി തെരഞ്ഞെടുപ്പിലും നിങ്ങൾ തോറ്റു. ഞാൻ ഇത് പറയുന്നത്, കൽക്കട്ടാ കോർപ്പറേഷൻ അഞ്ചുകൊല്ലത്തിലൊരിക്കലാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്.

സർ, നിങ്ങൾ തെരഞ്ഞെടുപ്പിനെ ഭയപ്പെടുന്നതിനുള്ള ഒരുകാരണം ഞാൻ പറയാം. കോൺഗ്രസ്സിന്റെ പ്രാദേശിക സമിതികളുടെ തെരഞ്ഞെടുപ്പ് നടന്നു. അതിൽ അടിയായിരുന്നു. അതുകൊണ്ട് അതുപോലത്തെ അടി പ്രാദേശിക തെരഞ്ഞെടുപ്പിലും വരുമെന്ന് ഭയന്നിട്ടാണ് നിങ്ങൾ തെരഞ്ഞെടുപ്പ് നടത്താത്തത്. എനിക്കറിയാം കോൺഗ്രസ്സിലെ രണ്ടുമൂന്നാൾക്കാർ ആശുപത്രിയിൽ പോയിട്ടുണ്ട്. നിങ്ങളുടെ ആഫീസിൽ അടിയുണ്ടായി. വാക്കുതർക്കമല്ല ശാരീരികമായി തന്നെ അടിയുണ്ടായി. എന്നിട്ട് ഞങ്ങളെപറ്റി നിങ്ങൾ കുറ്റംപറയുന്നു. മേഖലായൂത്ത് കോൺഗ്രസ്സിൽ ചേരാൻ തീരുമാനിച്ച കാര്യം എത്രവരെയായി എന്ന് ബഹുമാനപ്പെട്ട മെമ്പർ ബെന്നി ബഹനാനോട് ചോദിക്കുകയാണ്. പോസ്റ്റർ ഒട്ടിക്കുന്ന സമയത്ത് അടിയുണ്ടായി എത്ര ആളുകളാണ് അവിടെ ആശുപത്രിയിൽ പോയത്? ആലപ്പുഴയിൽ മേഖലാ സമ്മേളനം ചേരാൻ തീരുമാനിച്ചു. നടന്നോ? ഒരു പ്രകടനം നടന്നോ? നടന്നില്ല. ഡി. വൈ. എഫ്. ഐ. യുടെ ഒരു യൂത്തുസമ്മേളനം പ്രാദേശികമായിട്ടുനടന്നില്ലേ? നിങ്ങളിൽ വലിയ ഐക്യമാണെന്നൊക്കെ പറഞ്ഞാൽ എനിക്കൊന്നും പറയാനില്ല.

അഴീമതിയെപ്പറ്റി ഞാനൊന്നു ചോദിക്കട്ടെ. കോഴിക്കോട് വികസന അതോറിറ്റിയിൽ 18 ആളുകളെ നിയമിച്ചു എന്നുള്ളതല്ല അവിടെ പ്രാതിനിധ്യസ്വഭാവമുള്ള ഒരാളെപ്പോലും എം. എൽ. എ.

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ള നിലയ്ക്കല്ലാതെ പാർട്ടി എന്നുള്ള നിലയ്ക്ക് നിയമിച്ചില്ല. അതിലുള്ള കൂടുതൽ അംഗങ്ങളും വിവിധ സ്വഭാവത്തിലാണെങ്കിലും കോൺഗ്രസ്സുകാരാണ്. ഇതിന്റെ ഫലമായി വൻതോതിൽ അഴിമതി നടക്കുന്നു. ഒരു ഉദാഹരണം പറയാം. അവിടെ 10-12 കൊല്ലമായിട്ട് കേസ്സിൽ നിൽക്കുന്നതും കൗൺസിൽ അംഗീകരിക്കാത്തതുമായ ഒരു തീരുമാനം എടുത്തു. കോഴിക്കോട്ട് ഏറ്റവും പ്രധാനപ്പെട്ട കച്ചവട സ്ഥാപനങ്ങളിലെ സൂപ്പർ ടാക്സ് - കൊടുക്കുന്ന ഒരു മുതലാളിക്ക് വാടക 5000 രൂപ എന്നത് 650 രൂപയാക്കി ഇപ്പോഴും ചുരുക്കി കൊടുത്തു. ഇതിന്റെ ഫലമായി 25 ലക്ഷം രൂപയുടെ അഴിയേഴ്സാണ് കോർപ്പറേഷന് നഷ്ടം വന്നത്. ഇതിന് കലക്ടറുടെ സമ്മതം വേണം. അതുകൊണ്ട് ഇതിനുവേണ്ടി അദ്ദേഹത്തെ നിർബന്ധിച്ചു. കഴിഞ്ഞ ആഗസ്റ്റ് 14-ാം തീയതി സ്പ്രൈക്ക് നടക്കുമ്പോഴാണ് ഇത് നടന്നത്. കളക്ടർ പാവമാണ്. അദ്ദേഹം ഈ മാസം 30-ാം തീയതി പെൻഷനാവുകയാണ്. ഇതു സംബന്ധിച്ച് കേസ്സ് ഫയൽ ചെയ്തെങ്കിലും അദ്ദേഹത്തെ കക്ഷി ചേർത്തിട്ടില്ല. അദ്ദേഹത്തെ ബുദ്ധിമുട്ടിക്കണ്ടായെന്നു കരുതിയാണ് അങ്ങനെ ചെയ്തത്. വാസ്തവത്തിൽ ഇത് അഴിമതി നിരോധന നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതാണ്. ഇത് ഏറ്റവും വ്യക്തമായ അഴിമതിയാണ്. വാസ്തവത്തിൽ അക്യൂസിഷൻ എക്സംപ്റ്റ് ചെയ്യുകയാണ് ചെയ്യുന്നത്. പേരാമ്പ്ര പഞ്ചായത്തിൽ എല്ലാ പാർട്ടിക്കാരും ആവശ്യപ്പെടുന്നതും വളരെക്കാലമായി നിലനിൽക്കുന്നതായ അക്യൂസിഷൻ എക്സംപ്റ്റ് ചെയ്തു. ഇത് തലശ്ശേരിയിലും മറ്റെല്ലാ സ്ഥലത്തുമുണ്ട്. ഇതിൽ മുഴുവൻ കോൺഗ്രസ്സുകാരാണെന്നു പറയുന്നില്ല. മുസ്ലീംലീഗുകാരുമുണ്ട്, മറ്റു പാർട്ടിക്കാരുമുണ്ട്. ഈ രാജ്യത്തെ ഇപ്പോഴത്തെ പ്രശ്നമെന്താണ്? തെരഞ്ഞെടുപ്പ് നീട്ടിക്കൊണ്ടുപോവുക, എന്നിട്ട് ജനാധിപത്യം പറയുക ഇതാണ്. ഇവിടെ നടക്കുന്നത്. എന്താണ് നിങ്ങളുടെ ജനാധിപത്യം? ഭരണ കക്ഷിയിൽപ്പെടാത്ത ആളുകളെ ഒരു ഭരണ സ്ഥാപനത്തിലും വരുത്തരുതെന്നുള്ളതല്ലേ നിങ്ങളുടെ ജനാധിപത്യം. അസംബ്ലിയിലായാലും ശരി പാർലിമെൻറിലായാലും ശരി കേരളത്തിലെ ഇടതുപക്ഷത്തിന് ശക്തിയുണ്ട്. നിങ്ങൾ ഒരു തെരഞ്ഞെടുപ്പു നടത്തുമെങ്കിൽ ആ തെരഞ്ഞെടുപ്പിൽ ഞങ്ങൾ ജയിക്കാതിരിക്കുകയില്ല. ഇനി യാതൊരു തെരഞ്ഞെടുപ്പും വേണ്ടായെന്ന് ഇന്ത്യൻ ഭരണഘടനയിൽ ഒരു ഭേദഗതി വരുത്തണം. ഇനി ഒരു തെരഞ്ഞെടുപ്പും വേണ്ടാ, കേന്ദ്രം ഭരിച്ചാൽ മതി എന്നു ഒരു ഭേദഗതി വരുത്തുക. അല്ലെങ്കിൽ കാലാകാലങ്ങളിൽ പ്രാദേശിക ഭരണ സ്ഥാപനങ്ങളിൽ തെരഞ്ഞെടുപ്പു നടത്തണം. ഭരിക്കാൻ വരുന്നത് ഏതു ചെകുത്താനുമാകട്ടെ, കോൺഗ്രസ്സാകട്ടെ കമ്മ്യൂണിസ്റ്റാകട്ടെ, മറ്റാരെങ്കിലുമായിക്കൊള്ളട്ടെ പ്രാദേശിക ഭരണ സ്ഥാപനങ്ങൾക്ക് അധികാരം കൊടുക്കണമെന്നും തെരഞ്ഞെടുപ്പു കാലാനുഗതമായി നടത്തണമെന്നുമുള്ളതാണ് എന്റെ വിനീതമായ അഭിപ്രായം. അതുകൊണ്ട് എത്രയും വേഗം തെരഞ്ഞെടുപ്പു നടത്തണം. ഇവിടെ ഡീലിമിറേഷനെക്കുറിച്ച് പറയുകയുണ്ടായി. കോഴിക്കോട്ട് ഡീലിമിറേഷൻ നടത്തുന്നില്ല. അതിന്റെ ഒരു വർക്കും നടക്കുന്നില്ല. പക്ഷേ പഞ്ചായത്തിൽ നടത്തിയിട്ടുണ്ടാകാം. ആ ഒരു കാരണവും ശരിയായ കാരണമല്ലായെന്ന് പറഞ്ഞുകൊണ്ട് ഈ പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(1) പ്രമേയത്തിൽ ''ഏർപ്പിക്കണമെന്ന്'' എന്ന് വാക്കിനുമുമ്പ് ''എത്രയും വേഗം'' എന്നു ചേർക്കുക.

(2) പ്രമേയത്തിൽ ''കേരളത്തിലെ'' എന്നതിനുശേഷം ''മുഴുവൻ'' എന്നുകൂടി കൂട്ടിച്ചേർക്കുക.

ശ്രീമതി ഭാർഗവി തങ്കപ്പൻ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിൽ ''രണ്ടുമാസത്തിനകം'' എന്നതിനുപകരം ''1986 ജൂലായ് 31-ന് മുമ്പായി'' എന്നു ചേർക്കുക.

ശ്രീ. ബെന്നി ബെഹനാൻ: സർ, സി. ടി. കൃഷ്ണൻ അവതരിപ്പിച്ച ഈ പ്രമേയത്തിന്റെ ഉള്ളടക്കത്തോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. ഈ പ്രമേയത്തിൽ പറഞ്ഞിരിക്കുന്നത് രണ്ടു മാസത്തിനകം തിരഞ്ഞെടുപ്പു നടത്താനുള്ള നടപടികൾ പൂർത്തീകരിക്കണമെന്നാണ്. ഈ പ്രമേയത്തിന്റെ പ്രായോഗികവശം വിലയിരുത്തുമ്പോൾ നമുക്ക് മനസ്സിലാകും രണ്ടുമാസത്തിനകം തിരഞ്ഞെടുപ്പു നടത്തുകയെന്നുള്ളത് ഇന്നത്തെ സാഹചര്യത്തിൽ വളരെ ബുദ്ധിമുട്ടുള്ള കാര്യമാണെന്ന്. അതുകൊണ്ട് പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടത്തുന്നതിനുവേണ്ടിയുള്ള വാർഡ് ഡീലിമിറേഷനുൾപ്പെടെ വോട്ടർ പട്ടിക പുതുക്കുന്നതിനു വേണ്ടിയുള്ള എല്ലാ നടപടികളും പൂർത്തീകരിച്ച് എത്രയും വേഗം തിരഞ്ഞെടുപ്പ് നടത്തണമെന്നുള്ളതാണ് എന്റെയും എന്റെ പാർട്ടിയുടേയും അഭിപ്രായം. കെ. പി. സി. സി. എക്സിക്യൂട്ടീവ് ഇക്കാര്യത്തിൽ വ്യക്തമായ തീരുമാനം പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്ന് നമ്മുടെ പഞ്ചായത്ത് കമ്മിറ്റികളുടെ സ്ഥിതി വളരെ ശോചനീയമാണ്. കണ്ട കല്ലിനു മുൻപിലെല്ലാം കൈകൂപ്പി നിന്നിട്ടും മംഗല്യഭാഗ്യം ലഭിക്കാത്ത വാടിയ മുഖവുമായി നിൽക്കുന്ന ഒരു കന്യകയെപ്പോലെയാണ് നമ്മുടെ പഞ്ചായത്ത്. ഇവിടെ ശ്രീ. സി. ടി. കൃഷ്ണൻ ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ട് കീഴ്വഴക്കത്തെപറ്റി സൂചിപ്പിച്ചു. എന്താണ് ഇവിടത്തെ കീഴ്വഴക്കം? പ്രമേയത്തിൽ പറഞ്ഞിട്ടുള്ള പഞ്ചായത്ത് തെരഞ്ഞെടുപ്പ് കാലാകാലങ്ങളിൽ നീട്ടിയിട്ടുള്ളതാണ് ഇവിടത്തെ കീഴ്വഴക്കം. കീഴ്വഴക്കത്തിലൂടെ നടപടിക്രമങ്ങൾ ഉണ്ടാകും. ആദ്യമായി കേരളത്തിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നീട്ടിയത് സഖാവ് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് കേരളത്തിൽ മുഖ്യമന്ത്രിയായിരുന്ന കാലത്താണ്. അന്ന് മാർക്സിസ്റ്റ് പാർട്ടി ഭരിച്ചപ്പോഴുണ്ടാക്കിയ കീഴ്വഴക്കം പലപ്പോഴും തുടർന്നിട്ടുണ്ട്. രാഷ്ട്രീയത്തിനതീതമായി പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടത്താനുള്ള തീരുമാനത്തെക്കുറിച്ച് പറയുമ്പോൾ ഇവിടെ ഭരിക്കുന്ന മുന്നണിയേയോ ഇതിന്റെ ചുമതല വഹിക്കുന്ന മന്ത്രിയേയോ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. കേരളത്തിലെ പഞ്ചായത്തു കമ്മിറ്റികളുടെ തെരഞ്ഞെടുപ്പ് എത്രയും വേഗം നടത്തുന്നതിനുവേണ്ടിയിട്ടുള്ള ഒരു തീരുമാനം എടുത്തുകൊണ്ട് മുന്നോട്ട് പോകണം. പഞ്ചായത്തു കമ്മിറ്റികളുടെ തെരഞ്ഞെടുപ്പ് നടത്താത്തതുമൂലം പഞ്ചായത്തുകളിൽ നടക്കേണ്ട വികസനപ്രവർത്തനങ്ങളിലൊക്കെ വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. ഉദ്യോഗസ്ഥൻമാരുടെ ഭരണം മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകളോടൊപ്പം തന്നെ പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾ നടക്കാത്തതിന്റെ ബുദ്ധിമുട്ടും അനുഭവപ്പെടുന്നുണ്ട്. ഇന്നലെ ഇതിന്റെ ഡിമാൻറിൽ പങ്കെടുത്തുകൊണ്ട് ശ്രീ. പി. പി. തങ്കച്ചൻ ഗവൺമെൻറിന്റെ

LIBRARY ARCHIVES Kerala Legislative Assembly

മുമ്പാകെ ഒരു നിർദ്ദേശം വയ്ക്കുകയുണ്ടായി. പഞ്ചായത്തുകളുടെ ചുമതല വഹിക്കുന്നത് താലൂക്ക് പഞ്ചായത്താഫീസർമാരാണ്. താലൂക്ക് പഞ്ചായത്താഫീസർമാർ ചുമതല വഹിക്കുന്ന കമ്മിറ്റിയിലേക്ക് താലൂക്കടിസ്ഥാനത്തിൽ പ്രദേശിക തലത്തിലുള്ള എം. എൽ. എ. മാരെയും അതുപോലെ എം. പി. മാരെയും നോമിനേറ്റ് ചെയ്തുകൊണ്ട് ഒരു ഉപദേശകസമിതി ഉണ്ടാക്കി പഞ്ചായത്തു തെരഞ്ഞെടുപ്പ് നീണ്ടുപോകുന്ന സ്ഥാഹചര്യത്തിൽ തെരഞ്ഞെടുപ്പു നടത്തുന്നതുവരെ ഇതിന്റെ ഭരണ ചുമതല ഏൽപ്പിക്കണമെന്ന ഒരു നിർദ്ദേശം ഈ അവസരത്തിൽ മുന്നോട്ടു വയ്ക്കാൻ ആഗ്രഹിക്കുന്നു.

സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നീണ്ടുപോകാനുള്ള കാരണം ഇന്ന് വാർഡ് ഡീലിമിറ്റേഷൻ കഴിഞ്ഞിട്ടില്ല എന്നുള്ളതാണ്. ഇവിടെ റവന്യൂ വില്ലേജുകളുടെ പുനർനിർണ്ണയം നടന്നു. റവന്യൂ വില്ലേജുകളുടെ പുനർനിർണ്ണയം നടത്തിയതുപോലെതന്നെ പഞ്ചായത്തുകളുടെ പുനർനിർണ്ണയവും നടത്തി തെരഞ്ഞെടുപ്പിനുമുൻപ് ഇതിന്റെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകണം എന്ന ഒരു നിർദ്ദേശം മുന്നോട്ടു വയ്ക്കുകയാണ്. പുനർനിർണ്ണയം നടത്തിയ പഞ്ചായത്തുകളും പോലും ഇന്ന് പ്രാവർത്തികമാക്കാൻ പറ്റുന്നില്ല. അപ്പോൾ ശ്രീ. പി. സി. ജോർജ് നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ 18 വയസ്സ് പൂർത്തീകരിച്ച ആളുകൾക്ക് വോട്ടവകാശം കിട്ടുന്നതിനുവേണ്ടി, വാർഡ് ഡീലിമിറ്റേഷൻ പൂർത്തിയാക്കുന്നതിനുവേണ്ടി, അതുപോലെ പഞ്ചായത്തുകൾ പുനർനിർണ്ണയം ചെയ്തത് കൂടുതൽ കാര്യക്ഷമമായി അതിന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുന്നതിനുവേണ്ടി, സാങ്കേതികമായ തടസ്സങ്ങൾ നീക്കി കഴിയുന്നതും വേഗം പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടത്തണം എന്നൊരു നിർദ്ദേശം ഞാൻ മുന്നോട്ടു വയ്ക്കുകയാണ്. പഞ്ചായത്തു കമ്മിറ്റികൾ. പലതും ഇന്ന് മിനി പിഗ്ഗുകളെപ്പോലെയാണ്. കാലാകാലങ്ങളിൽ അധികാരത്തിൽവരുന്ന ഭരണകക്ഷികളും അതുപോലെതന്നെ മന്ത്രിമാരും അവർ നടത്തുന്ന പരീക്ഷണശാലകളായി. മിനിപിഗ്ഗുകളായി നമ്മുടെ പഞ്ചായത്തുകളെ മാറ്റിയിരിക്കുകയാണ്. ഇപ്പോൾ ബഹുമാനപ്പെട്ട ശ്രീ. സുന്ദരം സ്വാമിയുടെ പരീക്ഷണം നമ്മുടെ പഞ്ചായത്തുകമ്മറ്റികളുടെമേൽ നടത്തികൊണ്ടിരിക്കുകയാണ്. ഈ പരീക്ഷണശാലയിൽനിന്ന് ബഹുമാനപ്പെട്ട സുന്ദരം സ്വാമി പുറത്തുവരുമ്പോഴെങ്കിലും, ഈ സയുടെ കാലാവധി തീരുമ്പോഴെങ്കിലും പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടത്താനുള്ള പ്രഖ്യാപനം ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ഈ പ്രമേയത്തിന്റെ ഉള്ളടക്കത്തോട് യോജിച്ചുകൊണ്ട് ഇതിന്റെ പ്രായോഗികവശംകൂടി കണക്കിലെടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ടി. കണാരൻ: സർ, സഖാവ് സി. ടി. കൃഷ്ണൻ അവതരിപ്പിച്ച ഈ പ്രമേയത്തെ ഞാൻ പൂർണ്ണമായും അനുകൂലിക്കുകയാണ്. അപ്പുറത്തിരിക്കുന്ന പല ആളുകളും ജനാധിപത്യത്തിൽ പിടിച്ചാണയിട്ടാണ് സംസാരിക്കുന്നത്. കഴിഞ്ഞ ഒന്നര വർഷക്കാലത്തിലധികമായി നമ്മുടെ പഞ്ചായത്ത് പിരിച്ചുവിട്ടിരിക്കുകയാണ്. പഞ്ചായത്തുകളുടെ മാത്രമല്ല ബി. ഡി. സി. കളുടേയും സ്ഥിതി ഇതുതന്നെയാണ്. ഈ ഗവൺമെൻറിന്റെ ഏറ്റവും സുന്ദരമായ ജനാധിപത്യമുഖത്തിന്റെ പ്രദർശനം നമ്മൾ കഴിഞ്ഞകാലത്ത് കണ്ടുകഴിഞ്ഞു. അതിന്റെ ഭോഗമായിട്ടാണ് പഞ്ചായത്തുകളും ബി. ഡി. സി. കളും പിരിച്ചുവിട്ടത്. ഭരണകക്ഷിക്കാർ ജനാധിപത്യത്തിന്റെ അടിത്തറയെ സംബന്ധിച്ചും

LIBRARY ARCHIVES Kerala Legislative Assembly

ആടിസ്ഥാനസംവിധാനങ്ങളെക്കുറിച്ചും പഞ്ചായത്തുകളെ സംബന്ധിച്ചും പുകഴ്ത്തും. ഇന്നലെ ഇവിടെ സംസാരിച്ച ശ്രീ. തങ്കച്ചനും ശ്രീ. മുഹമ്മദുമൊക്കെ പഞ്ചായത്തിൽ ജനാധിപത്യസ്വഭാവം ഇല്ലാതായതിനെക്കുറിച്ച് സൂചിപ്പിച്ചു. ഇത് ആരെ വഞ്ചിക്കാനാണ് പറയുന്നത്. നിങ്ങൾ പറയുന്ന കാര്യത്തിൽ ഒരു ശതമാനത്തിന്റെ ആത്മാർത്ഥതയെങ്കിലും ഉണ്ടോ? ഇന്നു പഞ്ചായത്തുകളിൽ നടക്കുന്നതെന്താണ്? ലക്ഷക്കണക്കിന് രൂപയുടെ പകൽകൊള്ളയാണ് നടക്കുന്നത്. വിനോദനികുതിയുടെ കാര്യത്തിലായാലും മെയിൻറനൻസ് ഗ്രാന്റ് ഉപയോഗിക്കുന്ന കാര്യത്തിലായാലും കെട്ടിടനിർമ്മാണത്തിനുള്ള പെർമിഷൻ കൊടുക്കുന്ന കാര്യത്തിലായാലും ഇത്രമാത്രം പകൽകൊള്ള നടക്കുന്ന ഒരു സ്ഥിതി ഇതിനു മുൻപ് നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല. ഇത്രമാത്രം പകൽ കൊള്ള നടന്നിട്ടുള്ള ഒരു കാലഘട്ടം കേരളത്തിൽ ഇതിനുമുമ്പ് ഉണ്ടായിട്ടുണ്ടോയെന്ന് അപ്പുറത്തിരിക്കുന്ന ബഹുമാന്യരായ എം എൽ. എ. സുഹൃത്തുക്കളോട് ഞാൻ ചോദിക്കുകയാണ്. ഒരിക്കലും ഉണ്ടായിട്ടില്ല. ജനാധിപത്യത്തോട് യാതൊരു ആദരവുമില്ലാതെ രാഷ്ട്രീയലക്ഷ്യം മാത്രം മുൻനിറുത്തിയാണ് നിങ്ങൾ ഭരിക്കുന്നത്. ഈ പ്രമേയത്തോട് നിങ്ങൾ കൊല്ലാം യോജിപ്പുണ്ട്. പക്ഷെ അതിന്റെ പ്രായോഗിക അർത്ഥത്തിൽ ജനാധിപത്യ സംവിധാനം പുനഃസ്ഥാപിക്കാനും വളരെവേഗം തെരഞ്ഞെടുപ്പു നടത്താനും എന്താണ് തടസ്സം?

12 Noon: കഴിഞ്ഞ ഒന്നൊന്നര വർഷക്കാലമായി നമ്മുടെ മന്ത്രി പറയുന്നത് ഇപ്പോൾ വോട്ടർപട്ടിക പൂർത്തിയാക്കുമെന്നാണ്. ഈ ബഡ്ജറിൽപ്പോലും പഞ്ചായത്തു തെരഞ്ഞെടുപ്പിനു വേണ്ടി 20 ലക്ഷം രൂപ നീക്കി വച്ചിരിക്കുകയാണ്. ഇതിനു എന്താണ് തടസ്സമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയണം. ജനാധിപത്യത്തിന്റെ ഹരിശ്രീയെങ്കിലും ഈ ഗവൺമെന്റിന്റെ കൈയിലുണ്ടെങ്കിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തണം. ഈ പ്രമേയം ഐകകണ്ഠ്യേന ഈ സഭ പാസാക്കണം എന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

ശ്രീ. പി. കെ. കെ. ബാവ: സർ, ഈ പ്രമേയത്തിന്റെ തത്വത്തോട് ഞാൻ യോജിക്കുകയാണ്. പക്ഷെ ബഹുമാന്യനായ മെമ്പർ ശ്രീ. സി. ടി. കൃഷ്ണൻ അവതരിപ്പിച്ച പ്രമേയത്തിന് എന്റെ ഒരു ഭേദഗതി കൂടി സ്വീകരിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. ഈ പ്രമേയത്തിനു നോട്ടീസ് നൽകുമ്പോൾ ഉള്ള സാഹചര്യമല്ല ഇപ്പോൾ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ഉള്ളത്. ഇപ്പോൾ എം. വി. ആർ. പുറത്താണ്. അതുകൊണ്ട് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നില ഭദ്രമാണെന്ന് ഉറപ്പു വരുത്തിയതിന് ശേഷം തെരഞ്ഞെടുപ്പ് നടത്തണമെന്ന ഭേദഗതിയാണ് എനിക്ക് അവതരിപ്പിക്കാനുള്ളത്. ഇല്ലെങ്കിൽ അദ്ദേഹത്തിന്റെ പാർട്ടിയുടെ ആരോഗ്യം പരിഗണിച്ച് ഈ പ്രമേയം പിൻവലിക്കുകയായിരിക്കും നല്ലത് എന്നാണ് എനിക്ക് പ്രമേയാവതാരകനോട് പറയുവാനുള്ളത്.

ശ്രീമതി. കെ. ആർ. ഗൗരി: മാർക്സിസ്റ്റ് പാർട്ടിയുടെ നില ശരിയായിക്കഴിഞ്ഞതിനുശേഷം തെരഞ്ഞെടുപ്പ് നടത്തുന്നത് ആരാണ്? അത് തീരുമാനിക്കുന്നത് ആരാണ്, ബാവയാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി: കെ. കെ. ബാവ: ഞാനൊരു ഭേഗതി അവതരിപ്പിച്ചിട്ടുണ്ട്. ബഹു: അവതാരകൻ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ പ്രമുഖനായ ഒരു നേതാവാണ്. ആ നിലയിൽ അദ്ദേഹത്തോടുള്ള ഒരഭ്യർത്ഥന മാത്രമാണ് എന്റെ ഭേഗതികൂടി സ്വീകരിക്കണമെന്നുള്ളത്. സർ, ഇവിടെ രണ്ടുമാസങ്ങൾക്കകം തെരഞ്ഞെടുപ്പു നടത്തണമെന്നാണ് അദ്ദേഹം പറഞ്ഞിട്ടുള്ളത്. വെറുതേ രണ്ടു മാസത്തിനകം തെരഞ്ഞെടുപ്പു നടത്തണമെന്നു പറഞ്ഞാൽ അത് പ്രായോഗികമാണോ? സർ ഈ സഭയിലിരിക്കുന്നവർ നിഷ്പക്ഷമായിട്ട് ആലോചിച്ചാലറിയാം രണ്ടുമാസത്തിനകം തെരഞ്ഞെടുപ്പ് നടത്താൻ, പറ്റുകയില്ലെന്ന്. എന്റെ ഭാര്യയാണ് അതുകൊണ്ട് ഇപ്പോൾ പ്രസവിക്കണമെന്നു ഏതെങ്കിലും ഒരു ഭർത്താവ് നിർബന്ധം പിടിച്ചാൽ ഭാര്യക്ക് പ്രസവിക്കാൻ പറ്റുമോ? അതിന് ചില പ്രക്രിയകളൊക്കെ പൂർത്തീകരിക്കണം. അതുപോലെ തെരഞ്ഞെടുപ്പ് ഇപ്പോൾ നടത്തണമെന്നു ബഹുമാനപ്പെട്ട മെമ്പർ മാത്രമല്ല സഭയൊകെ വിചാരിച്ചാലും ബഹു: മന്ത്രി വിചാരിച്ചാലും സാധിക്കുകയില്ല എന്നാണ് എന്റെ അഭിപ്രായം. പക്ഷേ തെരഞ്ഞെടുപ്പ് ഇവിടെ നടക്കണം. ജനങ്ങളെ സംബന്ധിച്ചിടത്തോളം തെരഞ്ഞെടുക്കപ്പെട്ട ഒരു ബോഡി ഇല്ലാത്തതുകൊണ്ട് ബുദ്ധിമുട്ടുണ്ട്, പ്രയാസങ്ങളുണ്ട്. അതു മാറിയെടുക്കുന്നതിന് ബഹുമാനപ്പെട്ട ഗവൺമെൻറും മന്ത്രിയും എത്രയും വേഗം തെരഞ്ഞെടുപ്പു നടത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ബെന്നി ബെഹനാൻ പറഞ്ഞപോലെ എം. എൽ. എ. മാർക്കുകൂടി പഞ്ചായത്തു ഭരണത്തിൽ പങ്കാളിത്തം നൽകുന്നതിൽ പ്രത്യേകമായ ശ്രദ്ധ വേണം.

സർ, ഇവിടെ പഞ്ചായത്ത് ഫണ്ട് ഉപയോഗിക്കുന്നതിനായി അനുമതികൊടുക്കേണ്ടിയുള്ള ഫയലുകൾ കെട്ടിക്കിടക്കുകയാണ്. അത് പലപ്പോഴും ചുവപ്പു നാടയിൽ കുടുങ്ങി നമ്മുടെ ഗ്രാമപ്രദേശങ്ങളുടെ വികസനം തടസ്സപ്പെട്ടു പോകുന്നു എന്നുള്ള വസ്തുത ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്. സർ, എനിക്ക് പ്രതിപക്ഷങ്ങളോട് ഒരു കാര്യംകൂടി പറയുവാനുണ്ട്. ബഹുമാനപ്പെട്ട പഞ്ചായത്തു വകുപ്പു മന്ത്രിയെ കൊച്ചാക്കുന്നതിനുവേണ്ടി പാവമാണ്, അദ്ദേഹത്തെക്കൊണ്ട് ആരോ ചൂടുചോറു വാരിക്കുകയാണ് എന്നൊക്കെയുള്ള പരാമർശങ്ങൾ മാന്യതയ്ക്ക് ചേർന്നതല്ല. ബഹുമാനപ്പെട്ട മന്ത്രി പാലക്കാട്ടെ ഒരു ട്രേഡ് യൂണിയൻ രംഗത്തും, രാഷ്ട്രീയ രംഗത്തും വളരെക്കാലമായി പ്രവർത്തിച്ച് സ്ഥിരപ്രതിഷ്ഠ നേടിയിട്ടുള്ള ശ്രീ. സി. ടി. കൃഷ്ണനെപോലെയുള്ള പ്രഗൽഭനായ ഒരു രാഷ്ട്രീയ നേതാവുമാണ് എന്ന വസ്തുത അംഗീകരിക്കണം. അല്ലാതെ ഒരു മന്ത്രിയെ ചെറുതാക്കുന്ന രീതിയിൽ അദ്ദേഹം പാവമാണ് എന്നൊക്കെയുള്ള പരാമർശങ്ങൾ ഈ സഭയുടെ അന്തസ്സിനു ചേർന്നതല്ല. ഇതുപോലെയുള്ള പരാമർശങ്ങൾ നടത്തരുത് എന്ന് അപേക്ഷിച്ചുകൊണ്ടും എത്രയും വേഗം തെരഞ്ഞെടുപ്പു നടത്തി ജനങ്ങളെ രക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നു പറഞ്ഞുകൊണ്ടും ഞാൻ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷ വേദിയിൽ ശ്രീ. കെ. പി. എ. മജീദ്)

ശ്രീമതി റേച്ചൽ സണ്ണി പനവേലി: സർ, ഞാൻ ഈ പ്രമേയത്തെ പൂർണ്ണമായി അനുകൂലിക്കുന്നു. ആയിരത്തോളം പഞ്ചായത്തുകളിലെ ജനകീയ സ്വഭാവമുള്ള ഭരണസമിതികളെ പിരിച്ചുവിട്ടുകൊണ്ട് ഈ

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ അധികാരം കൈയിലെടുത്തിരിക്കുകയാണ്. 9 പഞ്ചായത്തുകളുള്ള വിസ്തൃതമായ ഒരു നിയോജക മണ്ഡലമാണ് റാന്നി. കഴിഞ്ഞ കുറെ മാസങ്ങളായി ആ പഞ്ചായത്തുകളിൽ യാതൊരുവിധ പ്രവർത്തനവും നടക്കുന്നില്ല. ഉദ്യോഗസ്ഥൻമാർ അവർക്ക് തോന്നിയതുപോലെ ചെയ്യുകയാണ്. കേരളത്തിലെ മുഴുവൻ ജനങ്ങളും ആവശ്യപ്പെട്ടിട്ടും എന്തുകൊണ്ടാണ് ഈ തെരഞ്ഞെടുപ്പ് നീട്ടിക്കൊണ്ടു പോകുന്നത്. അതൊരിക്കലും ന്യായീകരിക്കുവാൻ പറ്റുകയില്ല. ഈ തെരഞ്ഞെടുപ്പ് നടത്തിയാൽ എല്ലാ പഞ്ചായത്തുകളിലും പ്രതിപക്ഷം വിജയിക്കും എന്നുള്ള പേടികൊണ്ടായിരിക്കും ഇവർ തെരഞ്ഞെടുപ്പ് നടത്താത്തത് എന്നാണെന്റെ സംശയം. ജനങ്ങളുടെ വികാരം കണക്കിലെടുത്തുകൊണ്ട് കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളുടേയും തെരഞ്ഞെടുപ്പ് അടിയന്തിരമായി നടത്തണം എന്നുള്ള പ്രമേയത്തെ ഞാൻ ഒന്നുകൂടി അനുകൂലിച്ചുകൊണ്ട് നിറുത്തുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ഈ പ്രമേയം ശ്രീ. സി. ടി. കൃഷ്ണൻ അറിയാതെ എഴുതിക്കൊടുത്തതാണെന്നാണെന്റെ അഭിപ്രായം. പ്രത്യേകിച്ച് 18 വയസ്സ് തികഞ്ഞ മുഴുവൻ ചെറുപ്പക്കാർക്കും വോട്ടവകാശം നൽകണമെന്നു വാദിക്കുന്ന കമ്മ്യൂണിസ്റ്റു പാർട്ടിയിലെ മെമ്പറായ ശ്രീ. സി. ടി. കൃഷ്ണൻ ഇതുപോലെ ഒരു പ്രമേയം കൊടുത്തല്ലോ എന്നു ഞാൻ അൽഭുതപ്പെടുകയാണ്. 1986 ജനുവരി മാസത്തിൽ 18 വയസ്സു തികഞ്ഞ എല്ലാ ചെറുപ്പക്കാർക്കും വോട്ടവകാശം കൊടുക്കേണ്ടന്നാണോ ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം? ബഹുമാനപ്പെട്ട ഗൗരിയമ്മ അതു പറയേണ്ടതാണ്. മാർക്സിസ്റ്റ് പാർട്ടിയുടെ അഭിപ്രായം ആരാണോ? രണ്ടുമാസം കൊണ്ട് തെരഞ്ഞെടുപ്പ് നടത്തണമെന്നു പറഞ്ഞാൽ എങ്ങനെയാണ്? സെൻസസ് നടത്തിയിട്ട് രണ്ടു മാസത്തിനകം തെരഞ്ഞെടുപ്പു നടത്താൻ പറ്റുമോ? പരിപാവനമായ നിയമ നിർമ്മാണ സഭയിലേക്ക് ഈ രീതിയിലുള്ള പ്രമേയവുമായിട്ട് വന്നതിലുള്ള ഖേദം ആദ്യമായിട്ട് ഞാൻ പ്രകടിപ്പിക്കുകയാണ്. എന്റെ അഭിപ്രായവും തെരഞ്ഞെടുപ്പു നടത്തണമെന്നുതന്നെയാണ്.

ശ്രീമതി കെ. ആർ. ഗൗരി: പാർലമെന്റ് തെരഞ്ഞെടുപ്പ് ഒന്നര മാസംകൊണ്ടാണ് നടത്തിയത്.

ശ്രീ. പി. സി. ജോർജ്ജ്: പാർലമെന്റ് തെരഞ്ഞെടുപ്പല്ല ഞാൻ പറയുന്നത്. ഞാൻ പറയുന്നത് പഞ്ചായത്ത് തെരഞ്ഞെടുപ്പാണ് എന്റെ കാഴ്ചപ്പാടിൽ വില്ലേജിന്റെ അതിർത്തി വച്ച് പഞ്ചായത്തുകളെ പുനർനിർണ്ണയം ചെയ്യണം. അല്ലെങ്കിൽ പഞ്ചായത്തിന്റെ അതിർത്തി വച്ച് വില്ലേജുകളെ പുനർനിർണ്ണയം ചെയ്യേണ്ടിയിരിക്കുന്നു. അങ്ങനെ ഒരു കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ പോയേ പറ്റൂ. ഇപ്പോൾ ഒരു പഞ്ചായത്ത് നാലു വില്ലേജുകളിലാണ് സ്ഥിതി ചെയ്യുന്നത്. ഒരു പഞ്ചായത്തിലെ ആളുകൾ നാല് വില്ലേജാഫീസുകളിൽ പോകേണ്ടിവരുന്ന ഗതികേടാണുള്ളത്. അതുകൊണ്ട് എനിക്ക് പഞ്ചായത്ത് മന്ത്രിയോട് ഒരപേക്ഷയുണ്ട്. പഞ്ചായത്തുകളെ മുഴുവൻ വില്ലേജിന്റെ അടിസ്ഥാനത്തിൽ പുനർനിർണ്ണയം ചെയ്യണം. അതുകൊണ്ട് നിർബന്ധമായും ആവശ്യത്തിന് സമയമെടുത്ത് സകല നടപടികളും പൂർത്തീകരിച്ചതിനു ശേഷം മാത്രമേ തെരഞ്ഞെടുപ്പ് നടത്താവൂ. ബഹുമാനപ്പെട്ട ബെന്നിബഹനാൻ ഇവിടെ സൂചിപ്പിച്ചു. കഴിഞ്ഞദിവസം ശ്രീ. പി. പി. തങ്കച്ചൻ ഇവിടെ സൂചിപ്പിച്ചു. പത്തും ഇരുപത്തിനാലും പഞ്ചായത്തുകൾക്ക് ഒരു പഞ്ചായത്താഫീസറാണുള്ളത്. ഇതാണ്

LIBRARY ARCHIVES Kerala Legislative Assembly

എന്താണ് ചെയ്യുന്നതെന്ന് ഇയാൾക്കും ജനങ്ങൾക്കും അറിയില്ല. എം. എൽ. എ. മാരേയും എം. പി. മാരേയും കൊണ്ട് ഒരു കമ്മിറ്റി രൂപീകരിച്ച് പഞ്ചായത്തുകളുടെ ഭരണം ആ കമ്മിറ്റികളെ ഏൽപ്പിച്ചു കൊടുക്കണമെന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത് ബ്രാഹ്മണ ശാപം വലിച്ചുവയ്ക്കരുതെന്നാണ്. എത്ര പ്രവശ്യമാണ് പഞ്ചായത്തു മന്ത്രിയെക്കൊണ്ട് അസംബ്ളിയിൽ നുണ പറയിക്കുന്നത്. അതുകൊണ്ടാണ് ഞാനിതു പറഞ്ഞത്; എല്ലാ നടപടികളും പൂർത്തിയാക്കുക, അതു പൂർത്തിയാക്കിയതിനു ശേഷം നടപടികൾ പൂർത്തിയായില്ലെന്നു മുഖ്യമന്ത്രി പറയാൻ പറയുക. എന്തിനാണ് സർ, അദ്ദേഹത്തിന്റെ എല്ലാ വകുപ്പുകളും എടുത്തു കളഞ്ഞു. എന്നിട്ടും അദ്ദേഹത്തിന് പരാതിയൊന്നുമില്ല. എനിക്ക് വേറെ ഒരു വിഷമവുമില്ല, എന്നെക്കൊണ്ട് വെറുതേ നുണ പറയിക്കുന്നതിലാണ് എനിക്കു വിഷമം എന്നാണ് അദ്ദേഹം എന്നോട് സ്വകാര്യമായി പറഞ്ഞത്.

ശ്രീ. ഒ. ഭരതൻ: എല്ലാ മാസവും ഗുരുവായൂരിൽ പോകുന്നത് ഈ ബ്രാഹ്മണ ശാപം തീരാനായിട്ടല്ലേ?

ശ്രീ. കെ. കൃഷ്ണൻ കുട്ടി: ഗുരുവായൂരിൽ പോയിട്ടെന്താ? ബ്രാഹ്മണശാപം വളരെ വലുതാണ്. ബ്രാഹ്മണരിൽ പരിശുദ്ധനാണ് പാലക്കാട്ടിലെ സ്വാമി.

ശ്രീ. ലോനപ്പൻ നമ്പാടൻ: പട്ടക്കുട്ടികളിൽ പൊട്ടക്കുട്ടിയില്ലെന്നുള്ള കാര്യം കൃഷ്ണൻകുട്ടിക്കറിയാമോ?

ശ്രീ. കെ. കൃഷ്ണൻ കുട്ടി: പക്ഷേ അതു തിരുത്തി എന്നാണ് തോന്നുന്നത്. സ്വാമിയുടെ സ്വഭാവം കാണുമ്പോൾ ആ പഴയ പഴഞ്ചൊല്ല് തിരുത്തിയെന്നാണ് എനിക്കു തോന്നുന്നത്. അതുകൊണ്ട് എനിക്ക് പഞ്ചായത്തു വകുപ്പു മന്ത്രിയോട് പറയാനുള്ളതെന്തെന്നു വച്ചാൽ അങ്ങയിൽനിന്ന് വകുപ്പുകൾ എടുത്തുകളഞ്ഞതിന് പ്രതികാരമായിട്ട് പഞ്ചായത്തു തെരഞ്ഞെടുപ്പുകൾ നടക്കുമ്പോൾ പ്രതിഷേധിച്ചു രാജിവച്ചു പാലക്കാടിന്റെ മാനം രക്ഷിക്കണമെന്നാണ്. ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

ശ്രീ. എ. വി. താമരാക്ഷൻ: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്. ജനങ്ങളോട് ഉത്തരവാദിത്വമുള്ള ഭരണ കക്ഷിയിലെ നിയമസഭാസാമാജികൻമാരെല്ലാം ഈ പ്രമേയത്തെ അനുകൂലിക്കുമെന്ന് ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിലെ വികസന പ്രവർത്തനങ്ങളുടെ അടിസ്ഥാന ശിലയായ പഞ്ചായത്തുകളുടെയും ബ്ലോക്കുകളുടെയും പ്രവർത്തനങ്ങൾ ഇന്നാകെ സ്തംഭിച്ചിരിക്കുകയാണ്. ഒരു വർഷത്തിലേറെയായി പഞ്ചായത്ത് സമിതിയോ, ബ്ലോക്ക് സമിതിയോ ഇല്ലാതെ അക്ഷരാർത്ഥത്തിൽ തന്നെ ഇവിടെ വികസനമാകെ സ്തംഭിച്ചിരിക്കുകയാണ്. സർ. തെരഞ്ഞെടുപ്പു നടക്കുന്നതു സംബന്ധിച്ച് പ്രമേയം അവതരിപ്പിച്ച പ്രമേയാവതാരകൻ തന്നെ 5 മാസക്കാലം സമയം കൊടുക്കാമെന്ന് സമ്മതിച്ചു. സർ, പുറത്തിരിക്കുന്ന ആളുകൾ എത്രയും വേഗം

LIBRARY ARCHIVES Kerala Legislative Assembly

തിരഞ്ഞെടുപ്പ് നടത്തുമെന്നു പറയുന്നതല്ലാതെ ഏതു മാസത്തിൽ നടത്തുമെന്നു പറയുവാൻ ധൈര്യം കാണിക്കുന്നില്ല. ബഹുമാന്യനായ വകുപ്പു മന്ത്രി മറുപടി പറയുമ്പോഴെങ്കിലും അടുത്തുണ്ടാകുമോ പോകുന്ന നിയമസഭാ തിരഞ്ഞെടുപ്പിനു മുൻപായിട്ടെങ്കിലും ഈ പഞ്ചായത്ത് തിരഞ്ഞെടുപ്പു നടത്താൻ തയ്യാറാകുമെന്നു സത്യം പറയുവാൻ ബഹുമാനനായ ശ്രീ. സുന്ദരം സ്വാമി തയ്യാറാകുമോയെന്നു മാത്രമാണ് എനിക്കറിയാനുള്ളത്. ഏതായിരുന്നാലും നമ്മുടെ നാടിനെ ആകെ സ്തംഭിപ്പിക്കുന്ന നിലയിൽ പോകുന്ന ഈ നടപടിയിൽനിന്നു ഈ നാടിനെ രക്ഷിക്കാൻ വേണ്ടി പഞ്ചായത്തുകളുടെയും ബ്ലോക്ക് സമിതികളുടെയും തിരഞ്ഞെടുപ്പ് നടത്താനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്.

ശ്രീ. സി. ജി. ജനാർദ്ദനൻ: സർ, ശ്രീ. സി. ടി. കൃഷ്ണൻ അവതരിപ്പിച്ച പ്രമേയത്തിന്റെ തത്വത്തോട് ഞാൻ യോജിക്കുന്നു. നേരിട്ടൊരു കാര്യം അറിയുന്നത് ഞാൻ സഭയിൽ അവതരിപ്പിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ നമ്മിണിക്കര വില്ലേജിൽ പലാഴി എന്നൊരു വാർഡിൽ അവിടത്തെ പഞ്ചായത്തിലേക്ക് എത്തുവാൻ 10 മൈൽ പുഴ കടന്നു പോകണം. അതുകൊണ്ട് ഇവിടെ ശ്രീ. സി. എം. സുന്ദരം പഞ്ചായത്തു മന്ത്രിയായി നടത്തുന്ന തിരഞ്ഞെടുപ്പ് ജനാധിപത്യ സ്ഥാനത്തിൽ, വാർഡ് പുനർ വിഭജനം നടത്തി സത്യസന്ധമായി; ജനകീയമായി ജനങ്ങൾക്ക് ജയിച്ചു വരാവുന്ന ഒരു പുതിയ ഫോർമുലയുണ്ടാക്കി വേണം നടത്തുവാൻ. കമ്മ്യൂണിസ്റ്റ് തത്വത്തിന്റെ അടിസ്ഥാനത്തിലുള്ള തിരഞ്ഞെടുപ്പിലോ, ഇവിടെ പട്ടാള ഭരണത്തിന്റെ അടിസ്ഥാനത്തിലുള്ള തിരഞ്ഞെടുപ്പിലോ വിശ്വസിക്കാത്ത ശ്രീ. സുന്ദരം, പാലക്കാട്ടെ ആദിവാസികളുടെ ഇടയിൽനിന്നും, ഈ സ്ഥിതിയിലേക്കുയർന്ന, തൊഴിൽ രംഗത്തെ നേതാവായ ശ്രീ. സുന്ദരം ഈ തിരഞ്ഞെടുപ്പ് എത്രയും വേഗം നടത്തണമെന്ന് ഞാൻ ആവശ്യപ്പെടുന്നതോടൊപ്പം നമ്പൂതിരിപ്പാടിനെ എതിർത്താൽ ശ്രീ. എം. വി. രാഘവനാകുമെന്നുള്ളതുകൊണ്ട് ബ്രാഹ്മണ്യത്തിന്റെ പേരിൽ അങ്ങയെ എതിർക്കാൻ വരുന്ന ശക്തിയില്ലാത്ത ആളുകളെ ഞാൻ ആക്ഷേപിക്കുന്നു. പ്രമേയത്തിൽ ഒരു വർഷത്തിനകം ഈ തിരഞ്ഞെടുപ്പ് നടത്തണമെന്ന ഭേദഗതി ഞാൻ വാക്കാൽ സപ്പോർട്ട് ചെയ്യുന്നു. ഞാൻ പിൻതാങ്ങുന്നു.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഞാൻ ഈ പ്രമേയത്തെ ശക്തിയായി അനുകൂലിക്കുകയാണ്. ഈ സർക്കാരിന് ജനങ്ങളെയാണ്. പഞ്ചായത്തുകളിൽ പണികളൊന്നും നടക്കുന്നില്ല. മന്ത്രിക്കും പണിയൊന്നുമില്ല. അഴിമതി മാത്രമാണ് നടക്കുന്നത്. പശ്ചിമ ബംഗാളിനെ മാതൃകയാക്കി ഇവിടെ തിരഞ്ഞെടുപ്പ് നടത്തണം. കോൺഗ്രസ്സിന്റെ സംഘടനാ തിരഞ്ഞെടുപ്പ് നടത്തുന്നതോടൊപ്പമെങ്കിലും പഞ്ചായത്ത് തിരഞ്ഞെടുപ്പു നടത്തണം. 16 വർഷമായി സ്വന്തം പാർട്ടിയിൽ തിരഞ്ഞെടുപ്പു നടത്താത്ത മുഖ്യ മന്ത്രിയാണിവിടെ ഭരിക്കുന്നത്. പഞ്ചായത്തു മന്ത്രി കോൺഗ്രസ്സിൽ ഇയ്യിടെ ചേർന്നിരിക്കുകയാണ്. പഞ്ചായത്തുകളില്ലാത്തതുകൊണ്ട് വിദ്യാർത്ഥികൾക്കും നാട്ടുകാർക്കും സർട്ടിഫിക്കറ്റുകൾ ലഭിക്കാതെ കഷ്ടപ്പെടുകയാണ്.

ശ്രീ. തോപ്പിൽ രവി; മാഷിന്റെ പാർട്ടി ഉണ്ടായതിനു ശേഷം തിരഞ്ഞെടുപ്പ് നടത്തിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ലോനപ്പൻ നമ്പാടൻ: എന്റെ പാർട്ടി ഉണ്ടായിട്ട് വെറും 4 കൊല്ലമേ ആയിട്ടുള്ളു. നിങ്ങളുടെ പാർട്ടി ഉണ്ടായിട്ട് 100 കൊല്ലം കഴിഞ്ഞിരിക്കുകയാണ്. അതാണ് വ്യത്യാസം. അടുത്ത നിയമസഭാ തിരഞ്ഞെടുപ്പിനു മുൻപെങ്കിലും പഞ്ചായത്ത് തിരഞ്ഞെടുപ്പു നടത്താൻ സർക്കാരിന് സാധ്യമല്ല. പാവം സ്വാമിയോടു പറഞ്ഞിട്ട് കാര്യമില്ല. ഞാൻ അദ്ദേഹത്തോട് ഒന്നും പറയുന്നില്ല. മുഖ്യമന്ത്രിയുടെ ഏകാധിപത്യ ഏകകക്ഷി ഭരണമാണിവിടെ നടക്കുന്നത്. ഈ പ്രമേയത്തെ ഞാൻ വളരെ ശക്തിയായി അനുകൂലിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി: (ശ്രീ. സി. എം. സുന്ദരം): സർ, ഇപ്പോഴത്തെ പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടത്താൻ വേണ്ടിയിട്ടുള്ള കോലാഹലങ്ങളാണ്. പക്ഷെ അത് നടത്താതിരിക്കണമെന്ന് ആർക്കും ആഗ്രഹമില്ല. 1981-ലെ സെൻസസ് പ്രക്രിയയെ തുടർന്ന് ഇലക്ഷന്റെ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നുവെന്ന് ഞാൻ ഇന്നലെയും ആവർത്തിച്ചു. 1981-ലെ സെൻസസിന്റെ അടിസ്ഥാനത്തിലുണ്ടായിരുന്ന ഒരു പ്രവർത്തനത്തിൽ, ജനസംഖ്യ വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വാർഡ് വിഭജനങ്ങൾ അതുപോലെതന്നെ വീടുകൾക്ക് പുതിയ നമ്പറുകൾ, വാർഡ് പുനർനിർണ്ണയത്തിന്റെ ആക്ഷേപങ്ങൾ, അഭിപ്രായങ്ങൾ, വോട്ടേഴ്സ് പട്ടിക പുതുക്കൽ ഇങ്ങനെ നിരവധി പ്രവർത്തനങ്ങൾ പഞ്ചായത്തുകളിലുണ്ടായതിനെ തുടർന്നാണ് തിരഞ്ഞെടുപ്പ് പെട്ടെന്ന് നടത്താൻ സാധിക്കാതെ വന്നിട്ടുള്ളത്. 1981-ലെ സെൻസസ് അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ വന്നില്ലായിരുന്നെങ്കിൽ ഉടനെതന്നെ തിരഞ്ഞെടുപ്പ് നടക്കുമായിരുന്നു. പ്രതിബന്ധങ്ങളൊന്നും ഉണ്ടാകുമായിരുന്നില്ല. ഈ വസ്തുത കണക്കിലെടുത്തുകൊണ്ട് കൂടിയാണ് പ്രതിപക്ഷങ്ങൾ കാര്യങ്ങൾ മനസ്സിലാക്കി സംസാരിക്കേണ്ടത്. അതേയവസരത്തിൽ പഞ്ചായത്ത് തിരഞ്ഞെടുപ്പ് 1963-ൽ ശ്രീ. ഇ. എം. എസ്. ഭരിക്കുമ്പോൾ 1968-ൽ നടത്തേണ്ട തിരഞ്ഞെടുപ്പ് നടത്താതിരിക്കുകയും ആ തിരഞ്ഞെടുപ്പ് 1978 വരെ നീട്ടിക്കൊണ്ടു പോകുകയുമുണ്ടായി.

ശ്രീമതി കെ. ആർ. ഗൗരി: 1963-ൽ ഇ. എം. എസ്. ഭരിച്ചിട്ടില്ല.

ശ്രീ. സി. എം. സുന്ദരം: ഇവിടെ ഇ. എം. എസിനെ ഞാൻ വിട്ടിരിക്കുന്നു. 1968-ൽ തിരഞ്ഞെടുപ്പു നടക്കേണ്ടതായിരുന്നു. നടന്നില്ല. 1978 വരെ ആ തിരഞ്ഞെടുപ്പ് നടത്താതെ നിങ്ങളുടെ കാലഘട്ടത്തിൽ 15 കൊല്ലത്തോളം നീട്ടിക്കൊണ്ടു പോകുകയായിരുന്നു. ആ കാര്യത്തെക്കുറിച്ചുകൂടി നിങ്ങൾ ഒന്നാലോചിക്കണം. പത്തും, പതിനഞ്ചും കൊല്ലക്കാലം തിരഞ്ഞെടുപ്പ് നടത്താത്ത നിങ്ങളാണ് ഇപ്പോൾ 1984-ൽ നടക്കേണ്ട തിരഞ്ഞെടുപ്പ്, സെൻസസിന്റെയും മറ്റും അടിസ്ഥാനത്തിൽ പല പ്രവർത്തനങ്ങളും ചെയ്യേണ്ടതുകൊണ്ട് കുറച്ചു നീട്ടിവച്ചതിനെ എതിർക്കുന്നത്.

ശ്രീമതി കെ. ആർ. ഗൗരി: 1979 വരെ നിങ്ങൾ 15 കൊല്ലം ഭരിച്ചില്ലേ എന്നാണ് ശ്രീ. കരുണാകരനോടാണോ പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എം. സുന്ദരം: 1979 മുതൽക്ക് നിങ്ങളുടെ കാലഘട്ടത്തിൽ സ്പെഷ്യലാഫീസർ ഭരണം തുടർന്നുകൊണ്ടിരിക്കുകയായിരുന്നു. നിങ്ങളുടെ കാലഘട്ടത്തിൽ സ്പെഷ്യലാഫീസർ ഭരണമുണ്ടാകരം, പത്തും, പതിനഞ്ചും കൊല്ലക്കാലം തിരഞ്ഞെടുപ്പ് നടത്താതിരിക്കാം. ആ വസ്തുതക്കെതിരായിട്ട് തിരഞ്ഞെടുപ്പിനു വേണ്ടിയിട്ടുള്ള ചില പ്രവർത്തനങ്ങളുടേതായിട്ടുള്ള കാലതാമസം പരിഗണിക്കാതെ ആവർത്തിച്ചാവർത്തിച്ച് തിരഞ്ഞെടുപ്പു നടത്തണമെന്ന് പറയുന്ന കാര്യം മനസ്സിലാക്കുന്നില്ല. ഏതായാലും തിരഞ്ഞെടുപ്പ് നടത്തും തീർച്ചയാണ്. അതേ അവസരത്തിൽ മറ്റൊരു പ്രധാനപ്പെട്ട കാര്യം പഞ്ചായത്തിന്റെയും, വില്ലേജിന്റെയും കോ ടെർമിനസു പ്രകാരം വില്ലേജിന്റെ ബൗണ്ടറിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് രൂപീകരിക്കുന്നതിനുള്ള ഒരു പ്രവർത്തനത്തെക്കുറിച്ചുകൂടി റവന്യൂ ഡിപ്പാർട്ടുമെന്റും പഞ്ചായത്തും ആലോചിച്ചിരിക്കുന്ന സാഹചര്യത്തിൽ തിരഞ്ഞെടുപ്പ് കൂടുതൽ നീണ്ടുപോകാനാണ് ഇടയുള്ളത്. ഇത്രയും പറഞ്ഞുകൊണ്ട് എന്റെ വാക്കുകം അവസാനിപ്പിക്കുകയാണ്.

ശ്രീ. ലോനപ്പൻ നമ്പാടൻ അവതരിപ്പിച്ച ഭേഗതികം സഭ വോട്ടിനിട്ടു നിരാകരിച്ചു.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ അവതരിപ്പിച്ച ഭേഗതി സഭ വോട്ടിനിട്ടു നിരാകരിച്ചു.

ശ്രീ. സി. ടി. കൃഷ്ണൻ അവതരിപ്പിച്ച പ്രമേയം സഭ വോട്ടിനിട്ടു നിരാകരിച്ചു.

ശ്രീ. കെ. പി. പ്രഭാകരൻ: സർ, ഞാൻ പോം ആവശ്യപ്പെടുന്നു.

(താഴെ കാണും പ്രകാരം സഭ വേർതിരിഞ്ഞ് വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ—47

1. ശ്രീ. ടി കെ. അബ്ദു
2. ശ്രീ. ടി. കെ. അറുമുഖൻ
3. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
4. ശ്രീ. ഒ. ഭരതൻ
5. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
6. ശ്രീ. സി. കെ. ചക്രപാണി
7. ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ
8. ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്
9. ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള
10. ശ്രീമതി പി. ദേവൂട്ടി
11. ശ്രീമതി കെ. ആർ. ഗൗരി
12. ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്
13. ശ്രീ. ടി. കെ. ഹംസ
14. ശ്രീ. കെ. ഇ. ഇസ്മയിൽ
15. ശ്രീ. എം ജിനദേവൻ
16. ശ്രീ. ഇ. കെ. നായനാർ
17. ശ്രീ. വി. സി. കബീർ
18. ശ്രീ. കെ. ടി. കണാരൻ
19. ശ്രീ. എം. കെ. കേശവൻ
20. ശ്രീ. വി. കേശവൻ

LIBRARY ARCHIVES Kerala Legislative Assembly

21. ശ്രീ. സി. ടി. കൃഷ്ണൻ
22. ശ്രീ. കെ. കൃഷ്ണൻകുട്ടി
23. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
24. ശ്രീ. കെ. ടി. കുമാരൻ
25. ശ്രീ. പി. കുമാരൻ
26. ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ
27. ശ്രീ. ലോനപ്പൻ നമ്പാടൻ
28. ശ്രീ. സി. പി. മൂസ്സാൻകുട്ടി
29. ശ്രീ. കെ. മൂസ്സക്കുട്ടി
30. ശ്രീ. എ. കെ. പത്മനാഭൻ
31. ശ്രീ. ഇ. പത്മനാഭൻ
32. ശ്രീ. കെ. പങ്കജാക്ഷൻ
33. ശ്രീ. കെ. പി. പ്രഭാകരൻ
34. ശ്രീ. കെ. പുരുഷോത്തമൻ
35. ശ്രീമതി റേച്ചൽ സണ്ണി പനവേലിൽ
36. ശ്രീ. വർക്കല രാധാകൃഷ്ണൻ
37. ശ്രീ. കാനം രാജേന്ദ്രൻ
38. ശ്രീ. എ. കെ. ശശീന്ദ്രൻ
39. ശ്രീ. കെ. വി. സുരേന്ദ്രനാഥ്
40. ശ്രീ. എ. വി. താമരാക്ഷൻ
41. ശ്രീ. സി. കെ. തങ്കപ്പൻ
42. ശ്രീ. വി. ജെ. തങ്കപ്പൻ
43. ശ്രീ. എസ്. ആർ. തങ്കരാജ്
44. ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി)
45. ശ്രീ. ജി. വരദൻ
46. ശ്രീ. സി. വാസുദേവമേനോൻ
47. ശ്രീ. പി. വിജയദാസ്

എതിർക്കുന്നവർ—63

1. ശ്രീ. പി. എം. അബൂബേക്കർ
2. ശ്രീ. സി. ടി. അഹമ്മദാലി
3. ശ്രീ. കെ. അവുക്കാദർകുട്ടി നഹ
4. ശ്രീ. ആർ. ബാലകൃഷ്ണ പിള്ള
5. ശ്രീ. തെന്നല ജി. ബാലകൃഷ്ണ പിള്ള
6. ശ്രീ. പി. കെ. കെ. ബാവ
7. ശ്രീ. ബെന്നി ബഹനാൻ
8. ശ്രീ. പി. ഭാസ്കരൻ
9. ശ്രീ. വി. ദിനകരൻ
10. ശ്രീ. എം. പി. ഗംഗാധരൻ
11. ശ്രീ. എ. ജോർജ്
12. ശ്രീ. പി. സി ജോർജ്
13. ശ്രീ. എം. എം. ഹസ്സൻ
14. ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ
15. ശ്രീ. എ. എൽ. ജേക്കബ്
16. ശ്രീ. സി. ജി. ജനാർദ്ദനൻ
17. ശ്രീ. ടി. എസ്. ജോൺ
18. ശ്രീ. എ. സി. ജോസ്
19. ഡോക്ടർ കെ. സി. ജോസഫ്

LIBRARY ARCHIVES Kerala Legislative Assembly

20. ശ്രീ. കെ. സി. ജോസഫ്
21. ശ്രീ. വി. വി. ജോസഫ്
22. ശ്രീ. കെ. കെ. നായർ
23. ശ്രീ. കെ. ജി. ആർ. കർത്താ
24. ശ്രീ. ജി. കാർത്തികേയൻ
25. ശ്രീ. കെ. കരുണാകരൻ
26. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
27. ശ്രീ. മണിമംഗലത്ത് കുട്ട്യാലി
28. ശ്രീ. കെ. പി. എ. മജീദ്
29. ശ്രീ. കെ. എം. മാണി
30. ശ്രീ. എം. വി. മാണി
31. ശ്രീ. കെ. മുഹമ്മദാലി
32. ശ്രീ. ടി. മുഹമ്മദ് ബഷീർ
33. ശ്രീ. പി. എ. മുഹമ്മദ്കുട്ടി
34. ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി
35. ശ്രീ. കെ. പി. നൂറുദ്ദീൻ
36. ശ്രീ. സി. വി. പത്മരാജൻ
37. ശ്രീ. രാച്ചടി പ്രഭാകരൻ
38. ശ്രീ. കെ. രാഘവൻ മാസ്റ്റർ
39. ശ്രീ. രാഘവൻ പൊഴക്കടവിൽ
40. ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
41. ശ്രീ. എസ്. രാമചന്ദ്രൻ പിള്ള
42. ശ്രീ. കെ. പി. രാമൻ
43. ശ്രീ. രമേശ് ചെന്നിത്തല
44. ശ്രീ. തോപ്പിൽ രവി
45. ശ്രീ. എൻ. ശക്തൻ നാടാർ
46. ശ്രീ. പി. സീതി ഹാജി
47. ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ
48. ശ്രീ. കടവൂർ ശിവദാസൻ
49. ശ്രീ. നാലകത്തു സൂപ്പി
50. ശ്രീ. കെ. കെ. ശ്രീനിവാസൻ
51. ശ്രീ. എൻ. ശ്രീനിവാസൻ
52. ശ്രീ. പന്തളം സുധാകരൻ
53. ശ്രീ. കോട്ടക്കുഴി സുകുമാരൻ
54. ശ്രീ. സി. എം. സുന്ദരം
55. ശ്രീ. എൻ. സുന്ദരൻ നാടാർ
56. ശ്രീ. വി. സുരേന്ദ്രൻ പിള്ള
57. ശ്രീ. പി. പി. തങ്കച്ചൻ
58. ശ്രീ. സി. എഫ്. തോമസ്
59. ശ്രീ. കെ. കെ. തോമസ്
60. ശ്രീ. തോമസ് കല്ലാപ്പള്ളി
61. ശ്രീ. പി. കെ. വേലായുധൻ
62. ശ്രീ. ടി. വി. വിജയരാജൻ
63. ശ്രീ. സ്റ്റീഫൻ പാദുവ

പ്രമേയത്തെ അനുകൂലിക്കുന്നവർ — 47
പ്രമേയത്തെ എതിർക്കുന്നവർ — 63
നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

പ്രമേയം സഭ നിരാകരിച്ചതായി പ്രഖ്യാപിക്കപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly